# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂരങ്ങാടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്. എ. എം. പി. എം. 25/1709/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/08/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
തിരൂരങ്ങാടി മുനിസിപ്പാലിറ്റി

സർ,

വിഷയം : തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നമ്പർ: കെ. എസ്. എ. എം. പി. എം. 25/1709/2022 തീയ്യതി: 02/08/2022

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2020 മുതൽ 03-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുള്ള എ.സി., ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ലത ഒ വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സക്കീന കെ , ഓഡിറ്റർ

ശ്രീമതി ഷീബ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റഹീദ കെ. ടി. | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 12-11-2020 | 21-12-2020 |
| ശ്രീ. കെ. പി. മുഹമ്മദ് കുട്ടി | ചെയർമാൻ | 22-12-2020 | 31-03-2021 |
| ശ്രീ. നാസിം ഇ. | സെക്രട്ടറി | 01-04-2020 | 23-02-2021 |
| ശ്രീമതി. ഭാഗീരഥി സി.എസ്. | സെക്രട്ടറി-**ഇൻ**-ചാർജ്ജ് | 24-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രഞ്ജിത്ത് വി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-05-2020 |
| ശ്രീ. അനീസ് | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ് | 24-05-2020 | 30-06-2020 |
| ശ്രീമതി. ഭാഗീരഥി സി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2020 | 31-03-2021 |
| ഡോ. ഷാഹിന ടി യു | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-01-2021 |
| ഡോ. സുനന്ദകുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-02-2021 | 31-03-2021 |
| ഡോ. ജി പ്രശാന്ത് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീ. വിഷ്ണു ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. രേഷ്മ എസ് | വെറ്ററിനറി സർജൻ | 01-04-2020 | 12-05-2020 |
| ഡോ. സബീർ ഹുസൈൻ കെ വി | വെറ്ററിനറി സർജൻ | 13-05-2020 | 07-01-2021 |

| | | | |
|---|---|---|---|
| ഡോ. രേഷ്മ എസ് | വെറ്ററിനറി സർജൻ | 08-01-2021 | 31-03-2021 |
| ഡോ. ഹരിദാസൻ സി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി (മെഡിക്കൽ ഓഫീസർ) | 01-04-2020 | 14-07-2020 |
| ഡോ. റഷീദ പി | സൂപ്രണ്ട്-ഇൻ-ചാർജ്-താലൂക്ക് ആശുപത്രി | 15-07-2020 | 10-02-2021 |
| ഡോ. നസീമ മുബാറക്ക് എം. കെ | സൂപ്രണ്ട്-ഇൻ-ചാർജ്-താലൂക്ക് ആശുപത്രി | 11-02-2021 | 31-03-2021 |
| ശ്രീമതി. മിനി പിലാക്കാട്ട് | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ പ്രതാപൻ കെ | പ്രിൻസിപ്പാൾ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 24-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 23-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 19-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 21-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 23-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 23-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 21-07-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 24-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 24-07-2022)<br>Last Updated By: SHEEBA P (Auditor, On 25-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 21-07-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-11 |
| 12 | തൊഴിൽനികുതി- രജിസ്റ്ററുകളുടേയും റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: SHEEBA P (Auditor, On 25-07-2022) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-12-1 |
| 14 | സ്വകാര്യ ബസ്സ്റ്റാന്റ് - നഗരസഭാ താത്പര്യങ്ങൾക്ക് വിരുദ്ധമായി കരാർ ചമച്ചു- നഗരസഭക്ക് ലക്ഷങ്ങൾ വരുമാന നഷ്ടം<br>Written By: A.C.Abdulla (Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-13 |
| 15 | തെരുവ് ടാപ്പുകളുടെ വാട്ടർ ചാർജ്ജ് അടവാക്കുന്നില്ല -നഗരസഭക്ക് 90 ലക്ഷത്തിലധികം പിഴ ബാധ്യത.<br>Written By: A.C.Abdulla (Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-14 |
| 16 | പൊതു തെരുവുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നത് - നടപടി വിവരം | 1-15 |

| | | |
|---|---|---|
| | ലഭ്യമാക്കണം<br>Written By: A.C.Abdulla (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | |
| 17 | കോവിഡ് ടെസ്റ്റ്- ജനതാ ഡയഗ്നോസ്റ്റിക് സെന്ററിന് അധികം തുക നൽകി<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-16 |
| 18 | ഡയാലിസിസ് സെന്ററിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായില്ല.<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: SHEEBA P (Auditor, On 25-07-2022) | 1-17 |
| 19 | മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.<br>Written By: Sakeena K (Auditor, On 23-07-2022)<br>Last Updated By: Sakeena K (Auditor, On 25-07-2022) | 1-18 |
| 20 | വസ്തുനികുതി-ഒരു കോടി ഏഴ് ലക്ഷം രൂപ പിരിച്ചെടുക്കാതെ അവശേഷിക്കുന്നു<br>Written By: Sakeena K (Auditor, On 23-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-19 |
| 21 | പാലിയേറ്റീവ് വാഹനം വാടകക്കെടുക്കൽ -ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-20 |
| 22 | ക്രമവിരുദ്ധമായി കെട്ടിടത്തിന് നമ്പർ നൽകി<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-21 |
| 23 | സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്റ്റ് നടപ്പാക്കി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-22 |
| 24 | സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ (137/21)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-22-1 |
| 25 | ജി എം യു പി എസ് കക്കാട് സ്മാർട്ട് ക്ലാസ്സ്റൂം (288/21)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-22-2 |
| 26 | സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ (289/21)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-22-3 |
| 27 | സർക്കാർ സ്കൂളിൽ ലൈബ്രറികൾ സ്ഥാപിക്കൽ - സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനം വിതരണം ചെയ്തില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-23 |
| 28 | എസ്.എസ്.എ പദ്ധതി - വിശദമായ വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-24 |
| 29 | സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്റ്റ് നടപ്പാക്കി.<br>Written By: Sakeena K (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-25 |
| 30 | കോവിഡ്19 താലൂക്ക് ആശുപത്രിയിൽ സൌകര്യം ഒരുക്കൽ(301/21)<br>Written By: Sakeena K (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-25-1 |
| 31 | താലൂക്ക് ആശുപത്രിയുടെ ഭൌതിക സൌകര്യം ദീർഘിപ്പിക്കൽ(55/21)<br>Written By: Sakeena K (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-25-2 |

| | | |
|---|---|---|
| 32 | താലൂക്ക് ആശുപത്രിയിൽ ഭൗതിക സൌകര്യം വർദ്ധിപ്പിക്കൽ1(49/21<br>Written By: Sakeena K (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-25-3 |
| 33 | GST രജിസ്ട്രേഷൻ ഇല്ലാത്ത ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് GSTഈടാക്കിയിട്ടില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-26 |
| 34 | ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികം തുക നൽകി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-27 |
| 35 | ഓഡിറ്റ് പരാമർശം- അധികം നൽകിയ ₹ 14493 തിരിച്ചടച്ചു<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-28 |
| 36 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022) | 1-29 |
| 37 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022) | 1-30 |
| 38 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-31 |
| 39 | കാഷ്ബുക്ക് എഴുതിയിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-32 |
| 40 | ഗുണഭോക്തൃ സമിതി പ്രവൃത്തി -സർക്കാർ നിർദ്ദേശം പാലിക്കാതെ നടപ്പാക്കി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Sakeena K (Auditor, On 24-07-2022) | 1-33 |
| 41 | സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിക്കണം<br>Written By: SHEEBA P (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-34 |
| 42 | ടോയ്‌ലറ്റ് ഉപയോഗിക്കാതെ പൊളിച്ചുമാറ്റി - ₹ 6,00,000 പാഴ്ചെലവ്<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-35 |
| 43 | ഇ. ടെണ്ടർ - ടെണ്ടർ ഫീ നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-36 |
| 44 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-37 |
| 45 | SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് : അപാകതകൾ<br>Written By: Latha.O.V (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-38 |
| 46 | ഗ്രോ ബാഗ് വിതരണം: അപാകതകൾ<br>Written By: Latha.O.V (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-39 |
| 47 | മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല.<br>Written By: Latha.O.V (Auditor, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-40 |
| 48 | തെരുവ് വിളക്കുകളുടെ പരിപാലനം - ന്യൂനതകൾ<br>Written By: Latha.O.V (Auditor, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-41 |
| 49 | വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും - അവലോകനം<br>Written By: Latha.O.V (Auditor, On 24-07-2022) | 1-42 |

| | | |
|---|---|---|
| | Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | |
| 50 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം<br>Written By: Latha.O.V (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-43 |
| 51 | പ്രൊഫഷനൽ സർവീസ്- ആദായ നികുതി TDS കുറവ് വരുത്തിയിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-44 |
| 52 | ഫുഡ് ടെസ്റ്റ് ലാബിലെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയില്ല.<br>Written By: Sakeena K (Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-45 |
| 53 | കെട്ടിട നിർമ്മാണാനുമതി അപേക്ഷ – രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.<br>Written By: SHEEBA P (Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 01-08-2022) | 1-46 |
| 54 | PMAY-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Sakeena K (Auditor, On 25-07-2022)<br>Last Updated By: Sakeena K (Auditor, On 25-07-2022) | 1-47 |
| 55 | സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCo മുഖേന പ്രൊജക്ട് നടപ്പാക്കി.<br>Written By: Sakeena K (Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-48 |
| 56 | അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി.<br>Written By: SHEEBA P (Auditor, On 25-07-2022)<br>Last Updated By: SHEEBA P (Auditor, On 25-07-2022) | 1-49 |
| 57 | മാലിന്യനിർമ്മാർജ്ജന ഫണ്ട് ആരംഭിച്ചിട്ടില്ല.<br>Written By: Latha.O.V (Auditor, On 25-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-50 |
| 58 | നഗരസഭയിലെ മാലിന്യ സംസ്കരണ/ ശുചിത്വ സംവിധാനങ്ങൾ - അവലോകനം<br>Written By: Latha.O.V (Auditor, On 25-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 1-51 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കോവിഡ് ടെസ്റ്റ്- ജനതാ ഡയഗ്നോസ്റ്റിക് സെന്ററിന് അധികം തുക നൽകി ₹11000 അധികച്ചെലവ്<br>Written By: Sakeena K (Auditor, On 30-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 23-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 19-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 25-07-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 19-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്.<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 25-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 23-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 19-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 24-07-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: SHEEBA P (Auditor, On 19-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: SHEEBA P (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 02-08-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1(1), 28.03.2020 | 1(1), 22.2.2021 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31-07-2021 | 19-07-2021 |

## 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 62713737 |
| വരവ് | 141018464 |
| ആകെ | 203732201 |
| ചെലവ് | 134981584 |
| നീക്കിയിരിപ്പ് | 68750617 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 21127933 | 21127933 | 20785871 | 342062 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5375000 | 5375000 | 4748469 | 626531 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8808900 | 8808900 | 8013913 | 794987 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6850999 | 6850999 | 6843656 | 7343 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6110000 | 6110000 | 2453000 | 3657000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 12955009 | 12955009 | 8292389 | 4662620 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 270 | 151047341 | 204 | 84890544 | 0 | 66 | 75.55 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| AUEGS | 822762 | 724967 | 1547729 | 151854 | 1395875 |

## 1-7 ക്ഷേമ പദ്ധതികൾ

2020-21 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി വേതനം | 3092200 | 162 |
| വിധവാ പെൻഷൻ | 33706400 | 1747 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 58474900 | 3222 |
| വികലാംഗ പെൻഷൻ | 11378200 | 649 |
| വിവാഹ ധനസഹായം | 630000 | 21 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 863000 | 45 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-07-2022 ന് 11.00-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8299/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണത്തിൽ ഗൗരവതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഫ്രണ്ട് ഓഫീസ് മുഖേന ലഭിക്കുന്ന അപേക്ഷകൾ സെക്ഷൻ പൂർണ്ണമായി കൈപ്പറ്റുന്നില്ല .

ഫ്രണ്ട് ഓഫീസ് മുഖേന നഗരസഭയിൽ ലഭിക്കുന്ന തപാലുകൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പരിശോധിച്ചതിൽ സെക്ഷനുകൾ കൈപ്പറ്റാത്ത തപാലുകൾ ഉള്ളതായി വ്യക്തമായി. കൂടാതെ പല തപാലുകളും തിയ്യതി രേഖപ്പെടുത്താതെ കൈപ്പറ്റിയതായും കാണുന്നു.

2) ഡിമാന്റ് രജിസ്റ്ററുക ൾ ശരിയായി എഴുതിയിട്ടില്ല .

നഗരസഭയുടെ വിവിധ വരവുകളുടെ വിവരം രേഖപ്പെടുത്തുന്ന ഡിമാന്റ് രജിസ്റ്ററുകൾ- തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, തുടങ്ങിയവ എഴുതി പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) കെട്ടിട നിർമ്മാണാനുമതി - അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച .

കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ പൂർണ്ണമായി നടപടി സ്വീകരിക്കാത്തതായും, നടപടി സ്വീകരിക്കുന്നവയിൽത്തന്നെ ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി നടപടികൾ സ്വീകരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

4) കെട്ടിട നമ്പറിംഗ് - അപേക്ഷകൾ ശരിയായി സൂക്ഷിക്കുന്നില്ല.

നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പറിംഗിനും നികുതി ചുമത്തുന്നതിനുമായി ലഭിക്കുന്ന അപേക്ഷകൾ ശരിയായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽത്തന്നെ തൻവർഷം ലഭിച്ച എല്ലാ അപേക്ഷകളിലും തുടർ നടപടി സ്വീകരിച്ചോ എന്നത് ഉറപ്പുവരുത്താനായിട്ടില്ല. അപേക്ഷകൾ പൂർണ്ണമായി പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്തിട്ടില്ല.

5) തെരുവ് വിളക്ക് , വാട്ടർ ടാപ്പ് എന്നിവയുടെ വ്യക്തമായ വിവരം സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ നഗരസഭ പ്രതിമാസം വൻതുക ചെലവഴിക്കുന്നുണ്ടെങ്കിലും ഇവയുടെ എണ്ണം, തരം, പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച് നഗരസഭയിൽ യാതൊരു രേഖകളും ലഭ്യമല്ല. സ്ട്രീറ്റ്ലൈറ്റ്, പൊതു വാട്ടർ ടാപ്പ് എന്നിവയുടെ വിവരം രേഖപ്പെടുത്തി രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

6) സ്റ്റോക്ക് രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല.

നഗരസഭയുടെയും വിവിധ നിർവഹണോദ്യോഗസ്ഥരുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ പൂർണ്ണമായി വിവരങ്ങൾ ചേർക്കാതെയാണ് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത് എന്ന് വ്യക്തമായി.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് * | - | - | - |
| എ ജി ഓഡിറ്റ് | 28.12.2018 | 2013-14 മുതൽ 2017-18 വരെ | 8.2.2019 |

(*കുറിപ്പ് : തിരൂരങ്ങാടി നഗരസഭയായതിനു ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല ).

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-7 ഷെഡ്യൂളിലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ,ചെലവ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4) വസ്തു നികുതി സംബന്ധിച്ച സഞ്ചയയിൽ നിന്നുള്ള DCB പത്രിക പ്രിന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5) ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തിയിട്ടില്ല. (ഉദാ. B-1, B-9 ഷെഡ്യൂളുകൾ).

6). താഴെ പറയുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| | |
|---|---|
| 1 | Profession Tax – Institutions / Professionals / Traders |
| 2 | Profession Tax – Employees |
| 3 | Rent From Building |
| 4 | Rent From Other Civic Amenities |
| 5 | Private Hospital & Paramedical Institutions Registration Fee |
| 6 | Tutorial College Registration Fee |
| 7 | Licence Fees For Dangerous & Offensive Traders |
| 8 | Other Empanelment ®Istration Fees. |
| 9 | Fees For Construction Of Buildings |
| 10 | Fees For Installation Of Machinery |
| 11 | Regularization Fees |
| 12 | Sale Of Tender Forms |
| 13 | Receipts From Auction Of Obsolete Assets |

7). ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ പ്രകാരം ജനറൽ ഫണ്ട് (310100100) നീക്കിയിരിപ്പ് 24454160 രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 110739125 രൂപയുമാണ്.

8). ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ പ്രകാരം Excess Of Income Over Expenditure (310900100) നീക്കിയിരിപ്പ് 89021672 രൂപയാണ്.എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 2736707രൂപയുമാണ്.

9. B-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ബാധ്യത ഹെഡ്ഡിലെ നീക്കിയിരിപ്പുകൾ ക്രമീകരികരിക്കാൻ അവശേഷിക്കുന്നു.

| Head Code | ഇനം | 31.03.2021 ലെ നീക്കിയിരുപ്പ് |
|---|---|---|
| 350200209 | Recoveries Payable-VAT-Muncipal Fund | 12915 |
| 350300400 | VAT Payable | 23662 |
| 350200125 | Audit Recovery | 2352 |

10) ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല.

11) ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയ വിവരം ലഭ്യമായിട്ടില്ല.

12) കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(35/19-7-22) അപാകതകൾ പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-12 തൊഴിൽനികുതി- രജിസ്റ്ററുകളുടേയും റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ

നഗരസഭയിൽ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്ററുകളും റിട്ടേൺ ഫയലുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല.

2020-21 വർഷത്തിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, നഗരസഭാ പരിധിയിലെ മുഴവൻ സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടുകയോ രജിസ്റ്ററിൽ വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടേയും വ്യാപാര സ്ഥാപനങ്ങളുടേയും നികുതി പിരിച്ചെടുത്തതിന്റെ വിവരങ്ങൾ പ്രത്യേകമായി എഴുതുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നഗരസഭയിലെ മുഴവൻ വാർഡുകളിലെയും തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴവൻ സ്ഥാപനങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല.

2) സ്ഥാപനങ്ങളുടെ ഇൻഡക്സ് രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ നൽകുന്ന റിട്ടേണുകൾ അടിസ്ഥാനമാക്കി രജിസ്റ്റർ തയ്യാറാക്കുന്നതിനാൽ മുഴവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താനാവില്ല.

3)രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേരും ഓരോ സ്ഥാപനവും അടവാക്കിയ ആകെ തുകയുടെ വിവരങ്ങളും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ ജീവനക്കാരുടെയും വിവരങ്ങളോ അവരുടെ അർദ്ധവാർഷിക വരുമാനമോ രേഖപ്പെടുത്താത്തതിനാൽ അടവാക്കിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4). സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകൾ രജിസ്റ്ററിലെ ക്രമപ്രകാരം നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

5) രജിസ്റ്റർ പരിശോധിച്ചതിൽ മിക്ക സ്ഥാപനങ്ങളുടെയും ഏതെങ്കിലും ഒരു അർദ്ധവർഷത്തെ നികുതി അടവ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . റിട്ടേണുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/19.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് വെരിഫിക്കേഷൻ നടത്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-1 തൊഴിൽ നികുതി ഈടാക്കിയില്ല

2020-21ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെതൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു (അടവിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ജീവനക്കാരുടെ /സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|---|
| 1 | കരുണ ക്യാൻസർ ഹോസ്പിറ്റൽ&ഡയാലിസിസ് സെന്റർ | ഒന്നാംഅർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 2 | Hdfc Bank | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 3 | AJ DENTAL CLINIC | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 4 | CANARA BANK,തിരൂരങ്ങാടി | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 5 | PSMO COLLEGE ,തിരൂരങ്ങാടി | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 6 | MKH HOSPITAL | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 7 | KWA ,തിരൂരങ്ങാടി | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 8 | ICDS PROJECT OFFICE | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 9 | ഗവൺമെന്റ് എംപ്ളോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി,തിരൂരങ്ങാടി | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |

| | | |
|---|---|---|
| 10 | KSFE ചെമ്മാട് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 11 | തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(MAIN BRANCH) | ഒന്ന്, രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 12 | തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(EVENING BRANCH) | ഒന്ന്, രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 13 | തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(VENNIYUR BRANCH) | ഒന്ന്, രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 14 | തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(KAKKAD BRANCH) | ഒന്ന്, രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 15 | തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(PANTHARANGADI BRANCH) | ഒന്ന്, രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 16 | തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(TOWN BRANCH) | ഒന്ന്, രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 17 | നീതി മെഡിക്കൽ സ്റ്റോർ | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 18 | KSEB SUBDIVISION OFFICE,തിരൂരങ്ങാടി | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 19 | KSEB ELECTRICAL SECTION,VENNIYUR | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 20 | STATE TAX OFFICE | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 21 | ASSISTANT REGISTRAR OF CO-OPERATIVE SOCIETY | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 22 | മണപ്പുറം ഫിനാൻസ് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 23 | ICICI ബാങ്ക് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 24 | AXIS ബാങ്ക് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 25 | KGB ബാങ്ക്,വെന്നിയൂർ | ഒന്നാംഅർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 26 | SOUTH INDIAN BANK | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 27 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്,ചെമ്മാട് | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 28 | ഓർഫനേജ് യു പി സ്കൂൾ | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 29 | SEETHI SAHIB MEORIAL TTI | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 30 | MUTHOOT FIN CORP,CHEMMAD | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 31 | MALAPPURAM DISTRICT CO-OPERATIVE BANK,CHEMMAD | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 32 | THALUK SUPPLAY OFFICE | രണ്ടാം അർദ്ധവർഷത്തെ |

| | | |
|---|---|---|
| | ,THIRURANGADI | നികുതി ഈടാക്കിയിട്ടില്ല |
| 33 | SBI THIRURANGADI | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2)തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ ചുവടെ ചേർത്ത ആളുകൾ, NHM/താത്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ 2020-21ൽ ജോലി ചെയ്തിട്ടുണ്ട്. എന്നാൽ, നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ എന്നിവ പ്രകാരം ടി ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു

| ക്രമ നം | ജീവനക്കാരന്റെ പേര് തസ്തിക | തസ്തിക | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | ദാസ് കുമാർ എൻ പി | X-ray ടെക്നീഷ്യൻ | II |
| 2 | റസ്ല സി | Lab ടെക്നീഷ്യൻ | II |
| 3 | വിനിഷ എൻപി | Lab ടെക്നീഷ്യൻ | II |
| 4 | സഫദ് സി എച്ച് | ECG ടെക്നീഷ്യന് | II |
| 5 | പ്രസാദ് സി പി | JHI | II |
| 6 | രാഹുൽ വി പി | DEO | II |
| 7 | ദിവ്യ ബി | സ്റ്റാഫ് നഴ്സ് | II |
| 8 | ഉത്ര പി വി | സ്റ്റാഫ് നഴ്സ് | II |
| 9 | ഷീജ ടി വി | സ്റ്റാഫ് നഴ്സ് | II |
| 10 | നമിത പി കെ | സ്റ്റാഫ് നഴ്സ് | II |
| 11 | സൂര്യ മാധവൻ കെ വി | സ്റ്റാഫ് നഴ്സ് | II |
| 12 | രഞ്ജിത്ത് കെ | സ്റ്റാഫ് നഴ്സ് | II |
| 13 | മുഹമ്മദ് അക്ബർ വി പി | X-ray ടെക്നീഷ്യൻ | II |
| 14 | രുക്സാന എ | X-ray ടെക്നീഷ്യൻ | II |
| 15 | ജസീൽ പി എൻ | X-ray ടെക്നീഷ്യൻ | II |
| 16 | നിധിൻ എൻ കെ | ECG ടെക്നീഷ്യന് | II |
| 17 | സാരംഗി | Lab ടെക്നീഷ്യൻ | II |
| 18 | തനൂജ കെ | സ്റ്റാഫ് നഴ്സ് | II |
| 19 | ബീന കെ | സ്റ്റാഫ് നഴ്സ് | II |
| 20 | ജോസ്മി എൻ എം | സ്റ്റാഫ് നഴ്സ് | II |
| 21 | അനു പിവി | സ്റ്റാഫ് നഴ്സ് | II |
| 22 | മുഹമ്മദ് മിൻഹാജ് | ECG ടെക്നീഷ്യന് | II |
| 23 | ഷെല്ജ വിൽസൺ | ഡോക്ടർ | II |
| 24 | മുഹമ്മദ് റിഫ്സിൽ | ഡോക്ടർ | II |
| 25 | ബാസിൽ പി എ | ഡോക്ടർ | II |
| 26 | ഫാത്തിമ ബാവ | ഡോക്ടർ | II |
| 27 | അദ്നാൻ മുഹമ്മദ് എം | ഡോക്ടർ | II |
| 28 | രമണി എം കെ | JPHN | II |

കേരള മുനിസിപ്പൽ ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ

ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (30/19-7-22)മറുപടി ലഭ്യമായിട്ടില്ല.

മേൽ പരാമർശിച്ച ജീവനക്കാരിൽ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 സ്വകാര്യ ബസ്സ്റ്റാന്റ് - നഗരസഭാ താത്പര്യങ്ങൾക്ക് വിരുദ്ധമായി കരാർ ചമച്ചു- നഗരസഭക്ക് ലക്ഷങ്ങൾ വരുമാന നഷ്ടം

ബസ്സ്റ്റാന്റ് ഫീസ് പിരിവ് നഗരസഭക്ക് മുതൽക്കൂട്ടാം എന്ന വ്യവസ്ഥ അംഗീകരിച്ച് അനുവദിച്ച സ്വകാര്യ ബസ്റ്റാന്റിലെ ഫീസ് പിരിവ് ബസ്റ്റാന്റ് ഉടമക്ക് അനുവദിച്ച് നൽകി നഗരസഭക്ക് വരുമാന നഷ്ടമുണ്ടാക്കി.

നഗരസഭയിലെ ചെമ്മാട് ടൗണിനോട് ചേർന്ന് പുതിയ സ്വകാര്യ ബസ്സ്റ്റാന്റ് സ്ഥാപിക്കുന്നതിന് നഗരസഭ തീരുമാനിച്ചതനുസരിച്ച് നൽകിയ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ കൊണ്ടാണത്ത് ബീരാൻ ഹാജി എന്നയാളുടെ അപേക്ഷ അംഗീകരിച്ച് റീ.സ നം 372/1, 372/4 ഭൂമിയിൽ സ്വകാര്യ ബസ്സ്റ്റാന്റ് അനുവദിക്കുന്നതിന് തീരുമാനമെടുത്തതാണ്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ബസ്സ്റ്റാന്റ് അനുവദിക്കുന്നതിനുള്ള പ്രാഥമിക നടപടികളിലെ തീരുമാനങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായ വ്യവസ്ഥകൾ അന്തിമ കരാറിൽ ഉൾപ്പെടുത്തി നഗരസഭക്ക് നഷ്ടമുണ്ടാക്കുന്നതരത്തിലും , നഗരസഭാ താൽപര്യത്തിന് വിരുദ്ധമായും തുടർ നടപടികൾ സ്വീകരിച്ചതായി വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

ബസ്സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം സ്വകാര്യ വ്യക്തിക്ക് നൽകി വരുമാന നഷ്ടമുണ്ടാക്കി .

ബസ്സ്റ്റാന്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകിയ ശ്രീ കെ ബീരാൻഹാജിയുമായി നഗരസഭാ കൗൺസിൽ 07.09.2017 ന് നടത്തിയ ചർച്ചയിൽ ബസ്സ്റ്റാന്റ് ഫീസ് നഗരസഭ സ്വന്തം ഉത്തരവാദിത്തത്തിൽ പിരിച്ചെടുത്ത് നഗരസഭക്ക് മുതൽക്കൂട്ടുന്നതിന് തയ്യാറാണ് എന്ന് ടിയാൻ അംഗീകരിച്ചതായിരുന്നു.

പിന്നീട് 16.11.2018 ന് ടിയാനുമായി പ്രാഥമിക കരാർ ഉടമ്പടി ചമച്ചപ്പോൾ 5-ാം നമ്പർ വ്യവസ്ഥ പ്രകാരം "ബസ്സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം നഗരസഭയിൽ നിക്ഷിപ്തമായിരിക്കുന്നതും എന്നാൽ ഭാഗികമായോ പൂർണ്ണമായോ മേൽ അവകാശം രണ്ടാംകക്ഷിക്ക് നൽകുന്നതിന് നഗരസഭാകൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്". എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പിന്നീട് 28.06.2019 ലെ നഗരസഭാ കൗൺസിലിന്റെ 7ാം നമ്പർ തീരുമാനപ്രകാരം ബസ്സ്റ്റാന്റ് സൗകര്യം ചെയ്യുന്നതിലൂടെ ടി കക്ഷിക്ക് കാര്യമായ അധിക വരുമാനം ലഭിക്കുന്നില്ല എന്ന് വിലയിരുത്തി ബസ്സ്റ്റാന്റ് ഫീസ് , കംഫർട്ട് സ്റ്റേഷൻ ഫീസ് എന്നിവ പിരിക്കുന്നതിനുള്ള കുത്തകാവകാശം ബസ്സ്റ്റാന്റ് ഉടമയായ ശ്രീ ബീരാൻഹാജി മുതൽ പേർക്ക് അനുവദിച്ച് നൽകി കൗൺസിൽ തീരമാനം എടുത്തു. ( ഇത്തരത്തിൽ ബസ്സ്റ്റാന്റ് ഫീസ് പരിവ് അവകാശം നൽകണം എന്ന് ആവശ്യപ്പെട്ട് ഉടമയായ ശ്രീ ബീരാൻ ഹാജി നഗരസഭയിൽ യാതൊരു അപേക്ഷയും നൽകിയതായി കാണുന്നില്ല.)

ഇതനുസരിച്ച് ബസ്സ്റ്റാന്റ് പ്രവർത്തനം സംബന്ധിച്ച് ചമച്ച കരാറിലും ( 25/20-21 Dt 19.05.2020 ) ബസ്സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം സ്റ്റാന്റ് ഉടമസ്ഥന് തന്നെ നൽകുകയാണ് ചെയ്തത്.

ബസ്സ്റ്റാന്റ് അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ ഉടമസ്ഥൻ അംഗീകരിച്ച" ബസ്സ്റ്റാന്റ് ഫീസ് പിരിവ് അവകാശം നഗരസഭക്കാണ് " എന്നത് പാലിക്കാതെ നഗരസഭക്ക് ലഭിക്കുമായിരുന്ന വരുമാനം കൗൺസിൽ തീരുമാനം മൂലം നഷ്ടപ്പെട്ടു.

കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി കരാർ കാലാവധി അനുവദിച്ച് നൽകി

18.08.2018 ലെ നഗരസഭാ കൗൺസിൽ യോഗ തീരുമാനം 8(6) പ്രകാരം അംഗീകരിച്ച പ്രാഥമിക കരാർ ഉടമ്പടിയിലെ

വ്യവസ്ഥ 6 പ്രകാരം " മുകളിൽ പറഞ്ഞ വ്യവസ്ഥകൾ പ്രകാരം സ്ഥാപിക്കുന്ന ബസ്സ്റ്റാന്റിന് 10 വർഷത്തെ കാലാവധി ഉണ്ടായിരിക്കുന്നതാണ്. എന്നാൽ 5 വർഷ കാലാവധിക്ക് ശേഷം രണ്ടാം കക്ഷിക്ക് ആവശ്യമെങ്കിൽ കരാർ അവസാനിപ്പിക്കുന്നതിന് ഒന്നാം കക്ഷിക്ക് അപേക്ഷ സമർപ്പിക്കാവുന്നതും ആയത് ഒന്നാം കക്ഷി അംഗീകരിക്കുന്നമുറക്ക് കരാർ അവസാനിപ്പിക്കാവുന്നതുമാണ്. 10 വർഷ കാലയളവിന് ശേഷം കരാർ ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം ഉഭയകക്ഷി ചർച്ചകളിലൂടെ ആകാവുന്നതുമാണ്.

ഇതനുസരിച്ച് പ്രാഥമിക കരാർ 16.11.2018 ന് സെക്രട്ടറിയും ബസ്സ്റ്റാന്റ് ഉടമയും തമ്മിൽ ചമച്ചതാണ്.

എന്നാൽ ബസ്റ്റാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭാ സെക്രട്ടറിയും ശ്രീ കൊണ്ടാണത്ത് ബീരാൻ ഹാജി മുതൽ പേരും ചമച്ച കരാറിൽ ( 25/20-21 Dt 19.05.2020 ) മേൽ പരാമർശിച്ച പ്രാഥമിക കരാറിലെ വ്യവസ്ഥ 6 ന്

വിരുദ്ധമായി ബസ്സ്റ്റാന്റ് കാലാവധി 20 വർഷമായും, രണ്ടാം കക്ഷിക്ക് കരാറിൽ നിന്ന് പിൻമാറുന്നതിനുള്ള കാലാവധി 10 വർഷമായും അനുവദിച്ച് നൽകി. ഇത്തരത്തിൽ ഒരു തീരുമാനം നഗരസഭാ കൗൺസിൽ എടുത്തിട്ടുമില്ല.

നഗരസഭാ കൗൺസിൽ അംഗീകരിച്ച തീരുമാനത്തിന് വിരുദ്ധമായ വ്യവസ്ഥകരാറിൽ ഉൾപ്പെടുത്തി ബസ് സ്റ്റാന്റ് നടത്തിപ്പിനുള്ള അവകാശം കൂടുതൽകാലം സ്വകാര്യ വ്യക്തിക്ക് അനുവദിച്ച് നൽകുക വഴി സെക്രട്ടറി നഗരസഭാ താത്പര്യത്തിന് വിരുദ്ധമായി പ്രവർത്തിച്ചു.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 34/19.07.2022 ) ലഭ്യമാക്കിയ മറുപടിയിൽ ബസ്സ്റ്റാന്റ് ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതിനാൽ ടിയാനിൽ സമ്മർദ്ദം ചെലുത്തിയാണ് സ്റ്റാന്റ് സ്ഥാപിക്കാൻ സമ്മതം നേടിയത് എന്നും ബസ്സ്റ്റാന്റ് ഫീസ് പിരിവ് സ്റ്റാന്റ് ഉടമക്ക് തന്നെ നൽകണം എന്ന് ടിയാൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഫീസ് പിരിവ് അവകാശം സ്റ്റാന്റ് ഉടമക്ക് തന്നെ നൽകിയത് എന്നുമാണ് അറിയിച്ചത്. എന്നാൽ മറുപടിയിൽ അവകാശപ്പെട്ട കാര്യങ്ങൾ തെളിയിക്കുന്ന യാതൊരു രേഖയും പരിശോധനക്ക് ലഭ്യമായിട്ടില്ല. ഫീസ് പിരിവ് അവകാശം ആവശ്യപ്പെട്ട് ഉടമസ്ഥൻ കത്ത് നൽകിയതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമായില്ല.ആയതിനാൽത്തന്നെ മറുപടി അംഗീകരിക്കാനാവില്ല.

ബസ്റ്റാന്റ് നടത്തിപ്പ് കാലയളവ് നഗരസഭാ തീരുമാനത്തിന് വിരുദ്ധമായി വർദ്ധിപ്പിച്ച് നൽകിയതിന് നൽകിയ വിശദീകരണവും അംഗീകരിക്കാനാവില്ല.

ബസ് സ്റ്റാന്റ് ഫീസ് പിരിവ് സ്റ്റാന്റ് ഉടമക്ക് നൽകാൻ തീരുമാനമെടുത്ത് നഗരസഭാകൗൺസിൽ നഗരസഭക്ക് വരുമാന നഷ്ടമുണ്ടാക്കിയ വിവരവും , നഗരസഭാതീരുമാനത്തിന് വിരുദ്ധമായി ബസ്റ്റാന്റ് പ്രവർത്തന കാലയളവ് ദീർഘിപ്പിച്ച് നൽകുക വഴി സെക്രട്ടറി നഗരസഭാ താത്പര്യത്തിന് വിരുദ്ധമായി പ്രവർത്തിച്ച വിവരവും അനന്തര നടപടികൾക്കായി കൗൺസിലിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 തെരുവ് ടാപ്പുകളുടെ വാട്ടർ ചാർജ്ജ് അടവാക്കുന്നില്ല -നഗരസഭക്ക് 90 ലക്ഷത്തിലധികം പിഴ ബാധ്യത.

നഗരസഭയുടെ പരിധിയിലുള്ള സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ നഗരസഭ ഒടുക്ക് വരുത്താനുള്ള തുക യഥാസമയം ഒടുക്ക് വരുത്താത്തത് മൂലം പിഴ ഉൾപ്പെടെ വൻ തുക നഗരസഭയുടെ ബാധ്യതയായി അവശേഷിക്കുന്നു.

വാട്ടർ ചാർജ്ജ് അടക്കുന്നതിന്റെ ഫയൽ പരിശോധിച്ചതിൽ ലഭ്യമായ രേഖകൾ പ്രകാരം നഗരസഭ ഒടുക്ക് വരുത്താൻ അവശേഷിക്കുന്ന വാട്ടർ ചാർജ്ജ് ന്റെ വിവരം താഴെ നൽകുന്നു

| | |
|---|---|
| 8/2017 ലെ ബില്ല് പ്രകാരമുള്ള മുൻബാക്കി | 692547 |
| 8/2017 To 2/21 വരെ യുള്ള വാട്ടർ ചാർജ്ജ്<br>(291 Tap @7884/12 PM = 191187 Pm ) | 8221041 ( 191187x 43) |
| 3/21 ലെ വാട്ടർചാർജ്ജ്<br>(168 Tap @ 7884 Py – 110376 Pm) | 110376 |
| 4/21 മുതൽ 3/22 വരെ വാട്ടർ ചാർജ്ജ്<br>(168 Tap @ 8278.20 Py – 115892 Pm) | 1390704 ( 12x115892) |
| ആകെ | 10414668 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം 8/17 To 3/22 ഒടുക്കു വരുത്തിയ വാട്ടർ ചാർജ്ജ് | 2017107 |
| 3/22 ന് ഒടുക്കു വരുത്താൻ അവശേഷിക്കുന്ന തുക<br>(പിഴ ഉൾപ്പെടാത്ത തുക ) | 8397561 |
| വാട്ടർ അതോറിറ്റിയുടെ 3/22 ലെ ബില്ല് പ്രകാരം - ഒടുക്കുവരുത്തേണ്ട തുക (പിഴ ഉൾപ്പെടെ) | 16357534 |
| 8/17 മുതൽ 3/22 വരെ പിഴ ഇനത്തിൽ ഒടുക്കാൻ അവശേഷിക്കുന്ന തുക | 7959973 (16357534-8397561) |

വാട്ടർ ചാർജ്ജ് യഥാസമയം ഒടുക്കു വരുത്താത്തതുമൂലം 8/17 മുതൽ 3/22 കാലയളവിൽ മാത്രം 79.5 ലക്ഷത്തിലധികം പിഴ ബാധ്യത ഉണ്ട്. 8/17 ന് മുമ്പുള്ള കാലയളവിലും , 4/22 മുതൽ 7/2022 വരെയുള്ള കാലയളവിലെയും പിഴ കൂടി കണക്കാക്കുകയാണെങ്കിൽ നഗരസഭയുടെ പിഴ ബാധ്യത 93 ലക്ഷത്തിൽ അധികരിക്കുന്നുണ്ട്.

വാട്ടർ ചാർജ്ജ് യഥാസമയം ഒടുക്കു വരുത്താത്തതുമൂലം നഗരസഭക്ക് 90 ലക്ഷത്തിലധികം രൂപ പിഴ ഇനത്തിൽ മാത്രം

ബാധ്യതയായി അവശേഷിക്കുന്നുണ്ട്.

വാട്ടർ ചാർജ്ജ് യഥാസമയം ഒടുക്കുവരുത്താതെ നഗരസഭക്ക് പിഴ ബാധ്യത വരുത്തിയതിന് ഉത്തരവാദികളായവർക്കെതിരെ തുടർ നടപടി സ്വീകരിക്കേണ്ടതും വാട്ടർ ചാർജജ് ഒടുക്കു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/23.07.22) ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു എന്നാണ് അറിയിച്ചത്.

## 1-15 പൊതു തെരുവുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നത് - നടപടി വിവരം ലഭ്യമാക്കണം

1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ ) ചട്ടങ്ങൾ പ്രകാരം

1. മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ പൊതു തെരുവിലോ, റോഡിലോ പൊതു സ്ഥലത്തോ അതിനുമുകളിലോ കമാനങ്ങളോ പരസ്യ ബോർഡുകളോ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ലൈസൻസ് ആവശ്യമാണ്. (ചട്ടം 3)
2. പരസ്യം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന ആൾ വിശദ വിവരം ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതും നിശ്ചിത നിരക്കിലുള്ള ഫീസ് അടക്കേണ്ടതുമാണ്. (ചട്ടം 4)
3. ഇത്തരത്തിൽ പരസ്യം, കമാനം എന്നിവ സ്ഥാപിക്കുന്നതിന് കൗൺസിലിന് അത് നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് ചുമത്താവുന്നതാണ് (ചട്ടം 6)

മേൽ ചട്ടം പ്രകാരം നഗരസഭാ പ്രദേശത്ത് പരസ്യം പ്രദർശിപ്പിക്കുന്നവരിൽ നിന്ന് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചതിന്റെയും ഇത്തരത്തിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ലഭിച്ച അപേക്ഷകളിൽ തുടർ നടപടി സ്വീകരിച്ചതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.
വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/22.07.22) മറുപടി ലഭ്യമാക്കിയില്ല.

## 1-16 കോവിഡ് ടെസ്റ്റ്- ജനതാ ഡയഗ്ണോസ്റ്റിക് സെന്ററിന് അധികം തുക നൽകി

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പിലാക്കിയ പകർച്ചവ്യാധി നിയന്ത്രണം(37/21) എന്ന പ്രോജക്ടിന്റെ ഭാഗമായി ജനതാ ഡയഗ്ണോസ്റ്റിക് സെന്ററിന് 22 രോഗികളെ കോവിഡ് ടെസ്റ്റ് ചെയ്തതിന് 11000/-രൂപ അധികം നൽകിയിട്ടുണ്ട്.
സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം ഒരു ടെസ്റ്റിന് അവകാശപ്പെട്ട നിരക്കായ ₹1500 ന് പകരം പണം നൽകിയപ്പോൾ ഒരു ടെസ്റ്റിന് ₹2000 നിരക്കിൽ നൽകിയത്മൂലമാണ് അധികച്ചെലവുണ്ടായത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നൽകാവുന്ന തുക (ഇൻവോയ്സ് നമ്പർ/ തുക/തീയ്യതി) | നൽകിയ തുക | വ്യത്യാസം |
|---|---|---|
| 158/26-8-20<br>1500/-രൂപ | (22*2000)<br>BRN20150647005001419081/29-3-21<br>44000/-രൂപ | 11000/- |
| 171മുതൽ 190 വരെ /26-8-20<br>(20*1500/-രൂപ)<br>30000/-രൂപ | | |
| 192/26-8-20<br>1500/-രൂപ | | |
| ആകെ-33000/-രൂപ | 44000/- | 11000/-രൂപ |

ഈ ഇനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/18.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.ഖണ്ഡിക 3-1 കൂടി കാണുക.

## 1-17 ഡയാലിസിസ് സെന്ററിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായില്ല.

ഡയാലിസിസ് സെന്ററിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന മരുന്ന് വാങ്ങൽ പദ്ധതിക്ക് വേണ്ടി തുക മുൻകൂർ ആയി കെ എം സി എൽ നു നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നം/ പേര് | ബിൽ/ചെക്ക് നം | മുൻകൂർ നൽകിയ തുക | ലഭ്യമായ മരുന്നിന്റെ വിവരം | | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നം & തിയതി | തുക | |
| ഡയാലിസിസ് സെന്ററിലേക്ക് മരുന്ന് വാങ്ങൽ (40/21) | BRN20150647005000416631 DTD 8-8-20 | 330728/- | 1549dtd 23.10.20 | 44593 | 18632 |
| | | | 1551dtd 23.10.20 | 40720 | |
| | | | 1552dtd 23.10.20 | 15530 | |
| | | | 1550dtd 23.10.20 | 11884 | |
| | | | 1682/7-11-20 | 55509 | |
| | | | 1696dtd 10.11.20 | 13144 | |
| | | | 1700dtd 10.11.20 | 26657 | |
| | | | 1789/26-11-20 | 2601 | |
| | | | 1861/11-12-20 | 43358 | |
| | | | 2277/11-2-21 | 43358 | |
| | | | 2377/2-3-21 | 14742 | |
| | | | ആകെ | 312096 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/18.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-18 മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17(2) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന മുഴുവൻ തുകയും ഗവ.ട്രഷറി സേവിങ്സ് അക്കൗണ്ടിലോ അല്ലെങ്കിൽ ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ആണ് അടക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചതാണ്.

എന്നാൽ മുനിസിപ്പാലിറ്റിയുടെ വിവിധ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൽക്ക് വിരുദ്ധമായി സ്വകാര്യ ബാങ്കുകളിലും , സഹകരണ ബാങ്കിലും നഗരസഭ അക്കൗണ്ട് ആരംഭിച്ചതായി വ്യക്തമായി. ഇത്തരം അക്കൗണ്ടുകളുടെ വിവരം താഴെ നൽകുന്നു.

1) HDFC ബാങ്ക് അക്കൗണ്ട് നമ്പർ - 50200022043265

2) ICICI ബാങ്ക് അക്കൗണ്ട് നമ്പർ- 323101000468,323101000394

3) സർവീസ് സഹകരണ ബാങ്ക് അക്കൗണ്ട്--0020050000028

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/18.07.22) അപാകത പരിഹരിക്കുമെന്നറിയിച്ചിട്ടുണ്ട്.

## 1-19 വസ്തുനികുതി-ഒരു കോടി ഏഴ് ലക്ഷം രൂപ പിരിച്ചെടുക്കാതെ അവശേഷിക്കുന്നു

2020-21 ലെ വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി നികുതി ഇനത്തിൽ തൻ വർഷം 3620074 /-രൂപയും മുൻ വർഷങ്ങളിൽ 7133969/-രൂപയും(ലൈബ്രറി സെസ്സ് ഉൾപ്പെടെ) കൂടി ആകെ 10754043 പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗമായ വസ്തു നികുതി ഇനത്തിൽ വൻതുക പിരിച്ചെടുക്കാതെ അവശേഷിക്കുന്നു എന്നത് വളരെ ഗൗരവമായി കാണേണ്ടതും തുക പിരിച്ചെടുക്കുന്നതിന് നിയമ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-20 പാലിയേറ്റീവ് വാഹനം വാടകക്കെടുക്കൽ -ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല.

സ.ഉ.(സാധാ)നം.553/2019/ത.സ്വ.ഭ.വ തിയതി.7.3.19 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ ഖണ്ഡിക 28.3ൽ പ്രകാരം വാഹനം വാടകക്ക് എടുക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനം വാടക്ക് എടുക്കേണ്ടതും ആയത് പി.എം.സി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ പരിരക്ഷ ഹോംകെയർ പദ്ധതി പ്രകാരം (35/ 21) KL 10-F7425,KL10-H7839 എന്നീ വാഹനങ്ങൾ വാടക്ക് എടുത്തതിന് വണ്ടിക്ക് വാടക ഇനത്തിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല.അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/19.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ക്രമവിരുദ്ധമായി കെട്ടിടത്തിന് നമ്പർ നൽകി

നഗരസഭ ലഭ്യമാക്കിയ സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ (2019-20,2020-21) പ്രകാരമുള്ള നമ്പർ/ഒക്കുപ്പൻസി അനുവദിച്ച കെട്ടിടങ്ങളുടെ ഫയലുകൾ വാർഷിക ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചതിൽ ഹുസ്സൈൻ കുട്ടി, വലിയപീടിയേക്കൽ എന്നവരുടെ ഭൂമിയിൽ (റീ.സർ.നം 13/13 A,2A .0242ഹെക്ടർ ) നിർമ്മിച്ച 287.58ചമീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട്. ഫയൽ ( Pw2 1545/20 Dt.24/1/20) പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടു.

1)മുനിസിപ്പൽ സെക്രട്ടറിയുടെ 17-11 2017 ലെ PW2-BA(67721)/2017 നമ്പർ പെർമിറ്റ് പ്രകാരം ഈ കെട്ടിടത്തിന് സ്പെഷ്യൽ റെസിഡൻസ് എന്ന വിഭാഗത്തിൽ കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

എ)വില്ലേജ് രേഖകൾ (കൈവശ സർട്ടിഫിക്കറ്റ് ) പ്രകാരം കെട്ടിടം നിർമ്മിക്കുന്ന റീ.സർ.നം 13/13 A,2A ഭൂമി WETLAND എന്നാണ് കാണിച്ചത് . ഇത്തരത്തിലുള്ള ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉത്തരവാദപ്പെട്ട അധികാരികളിൽ നിന്ന് ഭൂമി തരം മാറ്റുന്നതിനുള്ള അനുമതി ആവശ്യമാണ്. ഇത്തരത്തിലുള്ള ഒരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ബി) സമർപ്പിക്കപ്പെട്ട പ്ലാൻ പ്രകാരം ഈ കെട്ടിടം വാണിജ്യാവശ്യത്തിനുള്ളതാണ് എന്നാണ് കെട്ടിട ഉടമ അവകാശപ്പെട്ടത്. വാണിജ്യാവശ്യത്തിനുള്ള പ്ലാനിന് സ്പെഷ്യൽ റെസിഡൻസ് എന്ന വിഭാഗത്തിൽ കെട്ടിട നിർമ്മാണാനുമതി നൽകിയത് ക്രമത്തിലല്ല.

2)കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ളാൻ പ്രകാരം ഇത് വാണിജ്യ കെട്ടിടമാണ്. സ്പെഷ്യൽ റെസിഡൻസ് എന്ന വിഭാഗത്തിൽ കെട്ടിട നിർമ്മാണാനുമതി നൽകിയ ഈ കെട്ടിടം അനുമതിക്ക് വിരുദ്ധമായാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടം പെർമിറ്റിനനുസൃതമായി പൂർത്തീകരിച്ചു എന്ന് തെറ്റായി രേഖപ്പെടുത്തി മേൽ കെട്ടിടത്തിന് 12-6-20ന് AE Occuppancy സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

3)RI സ്ഥല പരിശോധന നടത്തി ഈ കെട്ടിടത്തിന് 1/218Aമുതൽ H വരെ,J,K,L,M എന്നീ നമ്പറുകൾ അനുവദിക്കാമെന്ന്(20-9-20ന്) കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് എന്നാൽ ഈ നമ്പറിലെ സഞ്ചയ വിവരങ്ങൾ പരിശോധിച്ചതിൽ സഞ്ചയ വിവരങ്ങൾ കുറിപ്പ് ഫയലിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല എന്ന് വ്യക്തമായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/20.07.22) കെട്ടിടത്തിന്റെ പെർമിറ്റ് അനുവദിക്കുന്ന ഘട്ടത്തിൽ പെർമിറ്റ് അപേക്ഷകളും പ്ലാനുകളും എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയിട്ടില്ല എന്നും സെക്രട്ടറി നേരിട്ട് പരിശോധന നടത്തി നടപടി സ്വീകരിച്ചതായി കാണുന്നു എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് .
ക്രമപ്രകാരമല്ലാതെയും എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക പരിശോധന ഇല്ലാതെയും ബഹുനില കെട്ടിടങ്ങൾ ഉൾപ്പടെയുള്ളവക്ക് പെർമിറ്റ് നൽകിയത് ക്രമപ്രകാരമല്ല. ആയതിനാൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും അനധികൃത നിർമ്മാണത്തിനെതിരെ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്ട് നടപ്പാക്കി.

പ്രിൻസിപ്പാൾ നിർവഹണോദ്യോഗസ്ഥനായി 2020-21 ൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO മുഖേനയാണ് നടപ്പാക്കിയത്. സ്കൂളുകളിലേക്കാവശ്യമായ വിവിധ സാധനങ്ങളുടെ വിതരണം, ഇന്റീരിയർ പ്രവൃത്തി എന്നിവ യാണ് പ്രൊജക്ടുകളുടെ ഭാഗമായി നടപ്പാക്കിയത്.

പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും പ്രവൃത്തി നടപ്പാക്കുന്നതിനും ARTCO ക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് പ്രൊജക്ടുകൾ നടപ്പാക്കിയത് എന്ന് വ്യക്തമായി.

പ്രൊജക്ടുകളുടെ നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണ്ടെത്തി.

1) സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടത്തി.

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും

വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ പുറപ്പെടുവിച്ച GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകളിൽ പരാമർശിച്ച സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിച്ച നിരക്കിന് വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയത്.
എന്നാൽ മേൽ ഉത്തരവുകളിൽ അംഗീകരിക്കാത്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വാങ്ങിയിട്ടുണ്ട്.

2) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല .

ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്കോ. ആയതിനാൽത്തന്നെ ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ ARTCO മുഖേന നടപ്പാക്കാവുന്നതാണ്.

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തവുകൾ ( GO(P) 118/2018/Fin Dt 03.08.2018, GO(P) 77/2019/Fin Dt 04.07.2019 ) അനുസരിച്ച് സർക്കാർ അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. കൂടാതെ പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ARTCO മുഖേന നടപ്പാക്കിയ പ്രൊജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ARTCOതയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ARTCO നിരക്ക് നിശ്ചയിച്ച മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

ആർട്ട്കോ നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്തി ബില്ല് തയ്യാറാക്കിയിട്ടില്ല.

പ്രവൃത്തി നിശ്ചിത ഗുണനിലവാരപ്രകാരം നടത്തിയോ എന്നതും പ്രവൃത്തിയുടെ അളവും നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

3) ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഇല്ല .

ARTCO ഉത്പാദിപ്പിക്കുന്നതല്ലാത്ത പ്രൊജക്ടർ, ലാപ്ടോപ്പ് തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ വിതരണം നടത്തിയതിന് പ്രൊജക്ടുകൾ പ്രകാരം പണം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ല്, ഗ്യാരണ്ടി/ വാറണ്ടി രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായില്ല. കൂടാതെ ഇവ സ്ഥാപിച്ചതിന്റെരേഖകളും പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.
ARTCO മുഖേന നടപ്പാക്കിയ വിവിധ പ്രൊജക്ടുകളുടെ വിശദ വിവരം താഴെ നൽകുന്നു.

## 1-22-1 സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ (137/21)

ചെലവ് - 25,00,000/- (22000285/20.08.20)
പ്രിൻസിപ്പാൾ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് GHSS തിരൂരങ്ങാടി, GMUPS വെന്നിയൂർ എന്നിവിടങ്ങളിൽ ഇന്റീരിയർ പ്രവൃത്തിനടത്തുന്നതിനും ഏതാനും സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമാണ് തയ്യാറാക്കിയത്.
പ്രൊജക്ട് പ്രകാരം ഇന്റീരിയർ പ്രവൃത്തിയും സാധനങ്ങളുടെ വിതരണവുമാണ് നടത്തിയത്.
മേൽ പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച (GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരം ) സാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നില്ല. കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് സാധനങ്ങളുടെ ഗ്യാരണ്ടി / വാറണ്ടി രേഖകളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇന്റീരിയർ പ്രവൃത്തി നടപ്പാക്കിയതിന് മരാമത്ത് പ്രവൃത്തി നടത്തിപ്പ് നടപടികൾ പാലിക്കാതെയും പ്രവൃത്തി അളവ് രേഖപ്പെടുത്താതെയുമാണ് പണം നൽകിയത്. പ്രൊജക്ട് ഫയലിൽ ARTCO നൽകിയ ഒരു പേജുള്ള ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.
സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന്റെയും പ്രവൃത്തിയുടെയും വിവരം താഴെ നൽകുന്നു.

| ഇനം | എണ്ണം/അളവ് | ചെലവ് |
|---|---|---|
| Steel Chair With Cushion | 1 | 3894 |
| Rubwood Desk Including Book Provision 120x40 Cm Using Good Quality Rubwood 18mm&15mm Etc | 70 | 1130381 |
| Rubwood Computer Table 240x60x75 . Using Good Quality Rubwood 18mm&15 Mm | 10 | 446630 |
| Rubwood Table 120x60x75 With One Cup Board And Drawer And Keyboard Provision Using Good Quality Rubwood 18mm&15mm Etc | 1 | 13570 |
| PVC Panelling | 44 $M^2$ | 55294.80 |

| | | |
|---|---|---|
| Roof Light 15 W | 16 | 6985.60 |
| Wall Painting | 70 $M^2$ | 57407 |
| Wall Fan | 4 | 14089.20 |
| Total | | 1728252 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/05.07.2022 ) ലഭ്യമാക്കിയ മറുപടിയിലെ വിശദീകരണം താഴെ നൽകുന്നു

1. GO(ms) 1/2016 /SPD Dt 08.12.2016 പ്രകാരം ഓർഡർ തുകയുടെ 50% അധികരിക്കാത്ത തുകക്കുള്ള സാധനങ്ങൾ പുറമെ നിന്നും ഉൾപ്പെടുത്താൻ അനുമതിയുണ്ട്.
2. വാങ്ങിയ സാധനങ്ങളുടെ അളവ് അനുസരിച്ചും നിരക്ക് ബോധ്യപ്പെട്ടുമാണ് തുക നൽകിയത്.
3. പ്രവൃത്തി നടത്തിയതിന്റെ അളവ് നിർവഹണോദ്യോസ്ഥന് ബോധ്യപ്പെട്ട ശേഷമാണ് പണം നൽകിയ്.
4. ഗ്യാരണ്ടി / വാറണ്ടി എന്നിവ ARTCO നേരിട്ട് നൽകുന്നതിനാലാണ് ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഗ്യാരണ്ടി / വാറണ്ടി രേഖകൾ വാങ്ങാതിരുന്നത്.

നിർവഹണോദ്യോഗസ്ഥന്റെ മറുപടി താഴെ പരാമർശിക്കുന്ന കാരണങ്ങളാൽ അംഗീകരിക്കാനാവില്ല.

വിവിധ സാഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ , അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പഴയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അനുമതിയില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തത് എന്ന മറുപടി അംഗീകരിക്കാനാവില്ല.

അക്രഡിറ്റഡ് ഏജൻസികൾ മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ പൊതു മരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കണം എന്ന് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചതാണ്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ അടിസ്ഥാന രേഖകളായ എസ്റ്റിമേറ്റ്, പ്ലാൻ , അളവ് രേഖപ്പെടുത്തൽ എന്നിവയില്ലാതെ പ്രവൃത്തി ഏറ്റെടുത്ത ഏജൻസിയുടെ ബില്ലിന്റെ മാത്രം അടിസ്ഥാനത്തിൽ പണം നൽകിയതിന് ലഭ്യമാക്കിയ വിശദീകരണം അംഗീകരിക്കാനാവില്ല.

പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത സാധനങ്ങൾക്കൊന്നും തന്നെ ARTCO വാറണ്ടിയോ ഗ്യാരണ്ടിയോ നഗരസഭക്ക് നൽകിയിട്ടില്ല. കരാറിൽ അത്തരത്തിൽ ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ മറ്റ് സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ARTCO Supply ചെയ്യുന്ന ഉപകരണങ്ങൾക്ക് ARTCO ഗ്യാരണ്ടി നൽകുന്നുണ്ട് എന്ന് മറുപടി വസ്തുതാപരവും അല്ല.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൾ നടത്തിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത് വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് ₹ 1728252 തടസ്സം ചെയ്യുന്നു.

## 1-22-2 ജി എം യു പി എസ് കക്കാട് സ്മാർട്ട് ക്ലാസ്സ്റൂം (288/21)

ചെലവ് – 1800000 ( 22000326/05.09.20 )
പ്രിൻസിപ്പാൾ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് GMUPS കക്കാട് സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനാണ് തയ്യാറാക്കിയത്. പ്രൊജക്ട് പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂമിലേക്ക് ആവശ്യമായ ക്ലാസ്സ്റൂം ഫർണിച്ചർ, പ്രൊജക്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എന്നിവയാണ് വാങ്ങിയത്.
പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത റബ്വുഡ് ഡെസ്ക് ഉൾപ്പെടെയുള്ള സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച (GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരം ) സാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നില്ല.
സർക്കാർ ഉത്തരവ് പ്രകാരം ARTCO ക്ക് ടെണ്ടർ കൂടാതെ വിതരണം ചെയ്യാൻ അനുമതിയില്ലാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയത് അംഗീകരിക്കാനാവില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങിയ സാധനത്തിന്റെ വിവരം താഴെ നൽകുന്നു.

| ഇനം | എണ്ണം | ചെലവ് |
|---|---|---|
| Rubwood Desk Including Book Provision 120x40 Cmmusing Good Quality Rubwood 18mm&15mm Etc | 70 | 1130381 |
| Projector, Ceilling Kit, HDMI Cable, Power Cable, | 5 Each | 267480 |
| Fitting Charge | | 14750 |

| | | |
|---|---|---|
| | | 1412611 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/05.07.2022 ) ലഭ്യമാക്കിയ മറുപടിയിലെ വിശദീകരണം താഴെ നൽകുന്നു

1. GO(ms) 1/2016 /SPD Dt 08.12.2016 പ്രകാരം ഓർഡർ തുകയുടെ 50% അധികരിക്കാത്ത തുകക്കുള്ള സാധനങ്ങൾ പുറമെ നിന്നും ഉൾപ്പെടുത്താൻ അനുമതിയുണ്ട്.
2. വാങ്ങിയ സാധനങ്ങളുടെ അളവ് അനുസരിച്ചും നിരക്ക് ബോധ്യപ്പെട്ടുമാണ് തുക നൽകിയത്.
3. ഗ്യാരണ്ടി / വാറണ്ടി എന്നിവ ARTCO നേരിട്ട് നൽകുന്നതിനാലാണ് ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഗ്യാരണ്ടി / വാറണ്ടി രേഖകൾ വാങ്ങാതിരുന്നത്.

നിർവഹണോദ്യോഗസ്ഥന്റെ മറുപടി താഴെ പരാമർശിക്കുന്ന കാരണങ്ങളാൽ അംഗീകരിക്കാനാവില്ല.

വിവിധ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ , അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിച്ച് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പഴയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അനുമതിയില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തത് എന്ന മറുപടി അംഗീകരിക്കാനാവില്ല.

പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത് സാധനങ്ങൾക്കൊന്നും തന്നെ ARTCO വാറണ്ടിയോ ഗ്യാരണ്ടിയോ നഗരസഭക്ക് നൽകിയിട്ടില്ല. കരാറിൽ അത്തരത്തിൽ ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ മറ്റ് സ്ഥാപനങ്ങൾ നിർമ്മിക്കുന്ന പ്രൊജക്ടർ പോലുള്ള സാധനങ്ങൾക്ക് ARTCO ഗ്യാരണ്ടി നൽകുന്നുണ്ട് എന്ന് മറുപടി വസ്തുതാപരവും അല്ല.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൾ നടത്തിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത് വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് ₹1412611 തടസ്സം ചെയ്യുന്നു.

## 1-22-3 സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ (289/21)

ചെലവ് – 1200000 (22000472/ 10.11.2020)

പ്രിൻസിപ്പാൾ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് പ്രകാരം GHSS തിരൂരങ്ങാടിയിൽ ലാബ് സൗകര്യം ഒരുക്കുന്നതിനുള്ള വിവിധ ലബോറട്ടറി ടേബ്ൾ, ഷെൽഫ് എന്നിവ വാങ്ങുകയാണ് ചെയ്തത്.
പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച (GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരം ) സാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.
സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന്റെ വിവരം താഴെ നൽകുന്നു.

| ഇനം | എണ്ണം | ചെലവ് |
|---|---|---|
| Physics Lab Table 9.45x0.95x0.85 M With Granite Top Using GI Or GS Frame Etc.... | 2 | 795792 |
| Physics Lab Table 6x0.5x0.85 M With Granite Top Using GI Or GS Frame Etc... | 1 | 175839.59 |
| Botany Lab Table 4.5x0.5x0.85 M With Granite Top Using GI Or GS Frame Etc... | 1 | 113318.11 |
| Laboratary Shelf 180x120x40cm Using Good Quality Prelaminated Board With Glass Sliding Door | 5 | 115050 |
| Total | | 12,00,000 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/05.07.2022 ) ലഭ്യമാക്കിയ മറുപടിയിലെ വിശദീകരണം താഴെ നൽകുന്നു

1. GO(ms) 1/2016 /SPD Dt 08.12.2016 പ്രകാരം ഓർഡർ തുകയുടെ 50% അധികരിക്കാത്ത തുകക്കുള്ള സാധനങ്ങൾ പുറമെ നിന്നും ഉൾപ്പെടുത്താൻ അനുമതിയുണ്ട്.
2. വാങ്ങിയ സാധനങ്ങളുടെ അളവ് അനുസരിച്ചും നിരക്ക് ബോധ്യപ്പെട്ടുമാണ് തുക നൽകിയത്.

നിർവഹണോദ്യോഗസ്ഥന്റെ മറുപടി താഴെ പരാമർശിക്കുന്ന കാരണങ്ങളാൽ അംഗീകരിക്കാനാവില്ല.

വിവിധ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട്

വാങ്ങാവുന്ന സാധനങ്ങൾ , അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പഴയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അനുമതിയില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തത് എന്ന മറുപടി അംഗീകരിക്കാനാവില്ല.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൾ നടത്തിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത്‌വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് ₹ 1200000 തടസ്സം ചെയ്യുന്നു.

## 1-23 സർക്കാർ സ്കൂളിൽ ലൈബ്രറികൾ സ്ഥാപിക്കൽ - സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനം വിതരണം ചെയ്തില്ല.

പ്രിൻസിപ്പാൾ നിർവഹണോദ്യോഗസ്ഥനായി 2020-21 ൽ നടപ്പാക്കിയ സർക്കാർ സകൂളിൽ ലൈബ്രറികൾ സ്ഥാപിക്കൽ എന്ന പ്രൊജക്ട് പ്രകാരം (56/21) സർക്കാർ സകൂളുകളിലേക്ക് 120x90x40 Cm അളവുള്ള 43 ഹാർഡ് വുഡ് അലമാരകൾ ( നാല് അറകൾ, ലാമിനേറ്റഡ് പ്ലൈവുഡ് ഷട്ടർ ) വിതരണം ചെയ്തതിന് ആകെ തുക ₹ 700000 ൽ 2019-20 നൽകിയ ₹ 133000 കഴിച്ച് ബാക്കി തുക ₹ 567000 (വൗച്ചർ നം 22000848/ 12.04.2020) നൽകിയിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി GMUPS കക്കാട്, GMUPS വെന്നിയൂർ എന്നിവിടങ്ങളിൽ നേരിൽ പരിശോധന നടത്തിയതിൽ പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത അലമാരകൾ ഹാർഡ് വുഡ് കൊണ്ട് നിർമ്മിച്ചതല്ല എന്ന് വ്യക്തമായി. കൂടാതെ ഷട്ടറും സ്പെസിഫിക്കേഷൻ പ്രകാരമല്ല നിർമ്മിച്ചത്. പരിശോധനയിൽ MDF ഷീറ്റ് ഉപയോഗിച്ച് നിർമ്മിച്ച അലമാരകളാണ് കണ്ടെത്തിയത്. ഷട്ടർ ലാമിനേറ്റ് ചെയ്യുകയും ചെയ്തിട്ടില്ല.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 40/21.07.2022) ലഭ്യമാക്കിയ മറുപടിയിൽ MDF ഹാർഡ്‌വുഡ് ഇനത്തിൽ പെടുന്നഇനമാണ് എന്നും ഷട്ടറുകൾ പുട്ടി ഉപയോഗിച്ച് ഫിനിഷ് ചെയ്തിട്ടുണ്ട് എന്നുമാണ് വ്യക്തമാക്കിയത്.

മേൽ മറുപടി വസ്തുതാ പരമല്ല. ARTCO സമർപ്പിച്ച ബില്ല് പ്രകാരമുള്ള സ്പെസിഫിക്കേഷൻ പാലിക്കാതെ വിതരണം ചെയ്ത അലമാരക്ക് പണം നൽകിയത് ക്രമപ്രകാരമല്ല. സ്പെസിഫിക്കേഷൻ പ്രകാരമല്ലാതെ വിതരണം ചെയ്ത സാധനത്തിന് പണം നൽകിയതിന് സർക്കാർ സാധൂകരണം നേടേണ്ടതാണ്.

സ്പെസിഫിക്കേഷൻ പ്രകാരമല്ലാതെ വിതരണം ചെയ്ത സാധനത്തിന് നൽകിയ തുക ₹5,67,000 തടസ്സം ചെയ്യുന്നു.

## 1-24 എസ്.എസ്.എ പദ്ധതി - വിശദമായ വിനിയോഗ വിവരം ലഭ്യമല്ല.

20-21 വർഷത്തിൽ പ്രിൻസിപ്പാൾ നടപ്പിലാക്കിയ എസ്.എസ്.എ എന്ന പ്രൊജക്ട് ( 157/21 ) പ്രകാരം ₹ 1700000 (22000864/20.05.20) എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ എസ്.എസ്. എ അംഗീകരിച്ച പദ്ധതി രേഖ, നൽകിയ പണം ചെലവഴിച്ചതിന്റെ വിശദ വിവരം ഉൾപ്പെടുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല.

എസ്.എസ്.എ ക്ക് നൽകുന്ന തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്ട് നടപ്പാക്കി.

മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ നിർവഹണോദ്യോഗസ്ഥനായി 2020-21 ൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO മുഖേനയാണ് നടപ്പാക്കിയത്. താലൂക്കാശുപത്രിയിൽ ഭൗതിക സൌകര്യം ഒരുക്കുന്നതിന് വേണ്ടി വിവിധ സാധനങ്ങളുടെ വാങ്ങലുകൾ, ട്രസ്സ് ,പെയിന്റിംഗ്,ഇന്റീരിയർ എന്നീ പ്രവൃത്തികളും പ്രൊജക്ടുകളുടെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്.

പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും പ്രവൃത്തി നടപ്പാക്കുന്നതിനും ARTCO ക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് പ്രൊജക്ടുകൾ നടപ്പാക്കിയത് എന്ന് വ്യക്തമായി.

പ്രൊജക്ടുകളുടെ നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണ്ടെത്തി.

1) സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടത്തി.

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ പുറപ്പെടുവിച്ച GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകളിൽ പരാമർശിച്ച സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിച്ച നിരക്കിന് വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയത്.

എന്നാൽ മേൽ ഉത്തരവുകളിൽ അംഗീകരിക്കാത്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വാങ്ങിയിട്ടുണ്ട്.

2) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല .

ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്കോ. ആയതിനാൽത്തന്നെ ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ ARTCO മുഖേന നടപ്പാക്കാവുന്നതാണ്.

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തവുകൾ ( GO(P) 118/2018/Fin Dt 03.08.2018, GO(P) 77/2019/Fin Dt 04.07.2019 ) അനുസരിച്ച് അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. കൂടാതെ പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ARTCO മുഖേന നടപ്പാക്കിയ പ്രൊജക്റ്റുകൾ പ്രകാരമുള്ള പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ARTCOതയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ARTCO നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡവും വ്യക്തമാക്കിയിട്ടില്ല.

ആർട്ട്കോ നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്തി ബില്ല് തയ്യാറാക്കിയിട്ടില്ല.

പ്രവൃത്തി നിശ്ചിത ഗുണനിലവാരപ്രകാരം നടത്തിയോ എന്നതും പ്രവൃത്തിയുടെ അളവും നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

3) ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഇല്ല .

ARTCO ഉത്പാദിപ്പിക്കുന്നതല്ലാത്ത വാൾ ഫാൻ , എസി തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ വാങ്ങലുകൾ നടത്തിയതിന് ഈ പ്രൊജക്റ്റുകൾ പ്രകാരം പണം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ല്, ഗ്യാരണ്ടി/ വാറണ്ടി രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായില്ല. കൂടാതെ ഇവ സ്ഥാപിച്ചതിന്റെരേഖകളും പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.
ARTCO മുഖേന നടപ്പാക്കിയ വിവിധ പ്രൊജക്റ്റുകളുടെ വിശദ വിവരം താഴെ നൽകുന്നു.

## 1-25-1 കോവിഡ്19 താലൂക്ക് ആശുപത്രിയിൽ സൌകര്യം ഒരുക്കൽ(301/21)

ചെലവ് – ₹ 193195(തനത് ഫണ്ട്, ചെക്ക് നമ്പർ 0001760/2-12-20)

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ ഈ പ്രൊജക്റ്റ് താലൂക്കാശുപത്രിയിൽ സ്റ്റീൽ ട്രസ്സ് പ്രവൃത്തി നടത്തുന്നതിനാണ് തയ്യാറാക്കിയിട്ടുള്ളത് .
ഈപ്രൊജക്റ്റ് പ്രകാരം വിതരണം ചെയ്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച (GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരം ) സാധനങ്ങളുടെ ഇനത്തിൽ ഉൾപ്പെടുന്നില്ല. കൂടാതെ സ്റ്റീൽ ട്രസ്സ് പ്രവൃത്തി നടപ്പാക്കിയതിന് മരാമത്ത് പ്രവൃത്തി നടത്തിപ്പ് നടപടികൾ പാലിക്കാതെയും പ്രവൃത്തി അളവ് രേഖപ്പെടുത്താതെയുമാണ് പണം നൽകിയത്. പ്രൊജക്റ്റ് ഫയലിൽ ARTCO നൽകിയ ഒരു പേജുള്ള ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.
സർക്കാർ ഉത്തരവിന് വിരുദ്ധമായ പ്രവൃത്തിയുടെ വിവരം താഴെ നൽകുന്നു.

| ഇനം | അളവ് | ചെലവ് |
|---|---|---|
| UF1878-STEEL TRRUS PROTECTION WORK FOR CORRUGATED G1 SHEET IM2 | 79.7 | 193195 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 29/19.07.2022 )മറുപടി ലഭ്യമാക്കിയിട്ടില്ല.

അക്രഡിറ്റഡ് എജൻസികൾ മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ പൊതു മരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കണം എന്ന് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചതാണ്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ അടിസ്ഥാന രേഖകളായ എസ്റ്റിമേറ്റ്, പ്ലാൻ , അളവ് രേഖപ്പെടുത്തൽ എന്നിവയില്ലാതെ പ്രവൃത്തി ഏറ്റെടുത്ത ഏജൻസിയുടെ ബില്ലിന്റെ മാത്രം അടിസ്ഥാനത്തിൽ പണം നൽകിയതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന പ്രവൃത്തി നടത്തിയതിന് സർക്കാറിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത് വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് ₹193195 തടസ്സം ചെയ്യുന്നു.

## 1-25-2 താലൂക്ക് ആശുപത്രിയുടെ ഭൗതിക സൌകര്യം ദീർഘിപ്പിക്കൽ(55/21)

ചെലവ് – ₹ 400000 ,BRN 2015064700500016420З/11-4-20 ,ഇൻ വോയ്സ് നം. 208/14-12-19 (400000/-രൂപ)

മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് താലൂക്ക് ഹോസ്പിറ്റലിൽ പാർട്ടീഷ്യൻ പ്രവൃത്തിനടത്തുന്നതിനും ടേബിൾ വാങ്ങുന്നതിനുമാണ് തയ്യാറാക്കിയത്.
പ്രൊജക്ട് പ്രകാരം പാർട്ടീഷ്യൻ പ്രവൃത്തി ടേബിൾ വാങ്ങലുകൾ എന്നിവ ചെയ്തിട്ടുണ്ട്.
പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച (GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരം ) സാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. പാർട്ടീഷ്യൻ പ്രവൃത്തി നടപ്പാക്കിയതിന് മരാമത്ത് പ്രവൃത്തി നടത്തിപ്പ് നടപടികൾ പാലിക്കാതെയും പ്രവൃത്തി അളവ് രേഖപ്പെടുത്താതെയുമാണ് പണം നൽകിയത്. പ്രൊജക്ട് ഫയലിൽ ARTCO നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.
സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന്റെയും പ്രവൃത്തിയുടെയും വിവരം താഴെ നൽകുന്നു.

| ഇനം | അളവ്/എണ്ണം | ചെലവ് |
|---|---|---|
| UF182-PARTITION WORK USING POWDER COATED ALUMINIUM SECTIONS USING POWDER COATED ALUMINIUM (180M2)SECTIONS&GLASS DOORS(90*200CM) | 55.5 | 363534 |
| TRT -TABLE WITH TWO DRAWER &TWO SHELVES USING 18 MM BOARD | 1 | 31860 |
| DELIVERY CHARGE | | 4605 |
| | | |
| TOTL AFTER TAX | | 4,00,000/- |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 29/19.07.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അക്രഡിറ്റഡ് എജൻസികൾ മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ പൊതു മരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കണം എന്ന് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചതാണ്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ അടിസ്ഥാന രേഖകളായ എസ്റ്റിമേറ്റ്, പ്ലാൻ , അളവ് രേഖപ്പെടുത്തൽ എന്നിവയില്ലാതെ പ്രവൃത്തി ഏറ്റെടുത്ത ഏജൻസിയുടെ ബില്ലിന്റെ മാത്രം അടിസ്ഥാനത്തിൽ പണം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ARTCO മുഖേന പ്രൃത്തി നടപ്പാക്കിയതിനാൽ ചെലവ് ₹ 4,00,000 തടസ്സം ചെയ്യുന്നു.

## 1-25-3 താലൂക്ക് ആശുപത്രിയിൽ ഭൗതിക സൌകര്യം വർദ്ധിപ്പിക്കൽ1(49/21

ചെലവ് – ₹ 299178 (തനതുഫണ്ട് ) ചെക്ക് നമ്പർ 100280/18-9-20

മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് താലൂക്കാശുപത്രിയിൽ ഇന്റീരിയർ പ്രവൃത്തിനടത്തുന്നതിനും ഏതാനും സാധനങ്ങൾ വാങ്ങുന്നതിനുമാണ് തയ്യാറാക്കിയത്.
പ്രൊജക്ട് പ്രകാരം ലാബ് വർക്കിംഗ് ടേബിൾ, കർട്ടൻ,wall Fan , Ac,എന്നീ വാങ്ങലുകളും Wall Drobes On The Wall, Ceiling വർക്ക്,painting, Aluminium Partition Work എന്നീപ്രവൃത്തികളും നടത്തിയിട്ടുണ്ട്.

ഈപ്രൊജക്ട് പ്രകാരം വിതരണം ചെയ്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച (GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരം ) സാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. AC,FAN ഉൾപ്പെടെയുള്ള ഇലക്ട്രോണിക് സാധനങ്ങളുടെ ഗ്യാരണ്ടി / വാറണ്ടി രേഖകളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇന്റീരിയർപ്രവൃത്തി നടപ്പാക്കിയതിന് മരാമത്ത് പ്രവൃത്തി നടത്തിപ്പ് നടപടികൾ പാലിക്കാതെയും പ്രവൃത്തി അളവ് രേഖപ്പെടുത്താതെയുമാണ് പണം നൽകിയത്. പ്രൊജക്ട് ഫയലിൽ ARTCO നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 29/19.07.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിവിധ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ , അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

അക്രഡിറ്റഡ് എജൻസികൾ മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ പൊതു മരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ

പാലിക്കണം എന്ന് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചതാണ്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ അടിസ്ഥാന രേഖകളായ എസ്റ്റിമേറ്റ്, പ്ലാൻ , അളവ് രേഖപ്പെടുത്തൽ എന്നിവയില്ലാതെ പ്രവൃത്തി ഏറ്റെടുത്ത ഏജൻസിയുടെ ബില്ലിന്റെ മാത്രം അടിസ്ഥാനത്തിൽ പണം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് പ്രകാരം വിതരണം ചെയ്ത സാധനങ്ങൾക്കൊന്നും തന്നെ ARTCO വാറണ്ടിയോ ഗ്യാരണ്ടിയോ നഗരസഭക്ക് നൽകിയിട്ടില്ല. കരാറിൽ അത്തരത്തിൽ ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൾ നടത്തിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 GST രജിസ്ട്രേഷൻ ഇല്ലാത്ത ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് GSTഈടാക്കിയിട്ടില്ല

2020-21 വർഷത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയവിവിധ മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ ഈ പ്രവൃത്തികളിലൊന്നും തന്നെ ഫൈനൽബില്ല് നൽകിയപ്പോൾ നിയമപ്രകാരമുള്ള GST TDS ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായി. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ ഈ സമിതികൾക്കൊന്നും GST രജിസ്ട്രേഷൻ ഇല്ല എന്നാണ് വ്യക്തമായത്. Central Goods And Services Tax Act, 2017 [Central Act 13 Of 2017], Kerala State Goods And Services Tax Act, 2017 [State Act 20 Of 2017] എന്നിവ പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് ജി.എസ്.ടി അനുവദിച്ച നൽകാൻ പാടില്ല. ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് പിരിച്ചെടുക്കുന്ന ടാക്സ് അടവാക്കാൻ കഴിയില്ല. മേൽ ആക്റ്റുകളുടെ സെക്ഷൻ 32(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾ ടാക്സ് കളക്റ്റ് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട് [Section 32 (1) -Prohibition Of Unauthorised Collection Of Tax]. കൂടാതെ ആക്റ്റിന്റെ സെക്ഷൻ 9(3), (4) എന്നിവ പ്രകാരം [Section 9- Levy And Collection Of Tax] രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തിയിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആയതുമായി ബന്ധപ്പെട്ട നികുതി [റിവേഴ്സ് ചാർജ് പ്രകാരം -Section 3(98)- Reverse Charge], രജിസ്ട്രേഷൻ ഉള്ള വ്യക്തി (Recipient) സർക്കാറിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ GST ഉൾപ്പെടെയുള്ള നികുതികൾ ഒടുക്കുവരുത്തുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് (സർക്കുലർ നം.18/2019/Fin. തിയതി 01.03.19). കൂടാതെ കൺവീനർ പ്രവൃത്തിയിൽ അനുവദിക്കുന്ന ഓവർഹെഡ് ചാർജ്ജും നികുതികൾ ഒടുക്കുന്നതിനാണ് എന്ന് സർക്കാർ വ്യക്തമാക്കിയതാണ്. ആയതിനാൽ GST രജിസ്ട്രേഷൻ ഇല്ലാതെ മരാമത്ത് പ്രവൃത്തി നടത്തിയ താഴെ പറയുന്ന പ്രവൃത്തി കൺവീനർമാരിൽ നിന്ന് ഈടാക്കേണ്ട GST ഈടാക്കേണ്ടത് പണം നൽകിയ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമായിരുന്നു. നിയമപ്രകാരം ഈടാക്കേണ്ട GST ഈടാക്കാതെ കരാറുകാരന് പണം നൽകിയ നടപടി അംഗീകരിക്കാനാവില്ല. ആയതിനാൽ താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ സർക്കാരിലേക്കടവാക്കേണ്ട12% GST ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കി GST വകുപ്പിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനിയർ നടപ്പാക്കിയ " GLPS തിരൂരങ്ങാടി ടോയ്‌ലറ്റ് നിർമ്മാണം " ( 200/19 ) പ്രവൃത്തി ഗുണഭോക്തൃസമിതി പ്രവൃത്തിയായാണ് നടപ്പാക്കിയത്. പ്രവൃത്തിയുടെ ബിൽ തുക ₹999184 പ്ലാൻഫണ്ട് ലഭ്യമല്ലാത്തതിനാൽ താത്കാലികമായി മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് പ്രവൃത്തി കൺവീനറായ GLPS തിരൂരങ്ങാടി ഹെഡ്മാസ്റ്റർക്ക് നൽകുകയും ( 1004722/30.03.2019) തുടർന്ന് 20-21 വർഷത്തിൽ പ്ലാൻഫണ്ടിൽ നിന്ന് തുക പിൻവലിച്ച് തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ വിശദ വിവരം താഴെ നൽകുന്നു.

സാങ്കേതികാനുമതി - 21059/2018-19 Dt 25.05.2018 ₹ 1000000 (Cost Index 37.25% )

കൺവീനർ - ഹെഡ്മാസ്റ്റർ GLPS തിരൂരങ്ങാടി

കരാർ - 305/18-19 Dt. 26.12.2018 ( കരാർ എഴുതി പൂർത്തീകരിച്ചിട്ടില്ല.)

എം ബുക്ക് - 20/ 18-19, 2945/17-18

മൂല്യ നിർണ്ണയം - 999184

ചെലവ് - 999184 ( IT- 19984, CWWF- 9892, Service Charge – 100, Convenor – 969208 ) ( 22000836/ 12.04.2020 )

ഈടാക്കേണ്ട GST - 119902 (999184x12%)

ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കേണ്ട നികുതി ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-27 ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികം തുക നൽകി

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കിയ GHSS തീരൂരങ്ങാടി മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ ഫൈനൽ ബിൽ നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് VAT ഉൾപ്പെടെയുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്നാണ് ഇതുസംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയത്.

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ആദായ നികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ ഓവർ ഹെഡ് ചാർജ്ജിൽ നിന്ന് നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. GST കോമ്പൻസേഷൻ ആയി 12% എസ്റ്റിമേറ്റിൽ പ്രത്യേകമായി അനുവദിച്ച് നൽകുന്നുമുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട് . ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാലും ഇതിന് പകരമായി വന്ന GST വിഹിതം പ്രത്യേകമായി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതിനാലും വാറ്റ് ഒടുക്കുന്നതിന് വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടിയിരുന്നത്. ഇക്കാര്യം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതുമാണ്.

അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ട തുക5% |
|---|---|---|
| GHSS തീരൂരങ്ങാടി മെയിന്റനൻസ് (248/21)<br>TS - 120429/2019-20 Dt 25.03.2020 ₹800000 (31.06% Cost Index)<br>കരാർ 452 Dt 28.03.2020<br>കൺവീനർ. ശ്രീ ജയരാജ് എ.എൻ (ഹെഡ്മാസ്റ്റർ)<br>ചെലവ് - ₹ 778912 ( 2015064700575674/ 30.09.2020)<br>അളവ് പുസ്തകം 02/18-19, | 695456.8 | 32347<br>695456.8x5/107.5 |

മേൽ പരാമർശിച്ച തുക കൺവീനറിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്. (എൻക്വയറി നം.11/13.07.22).

മേൽ പ്രവൃത്തിയിൽ പ്രവൃത്തി കൺവീനറിൽ നിന്ന് GST TDS പിടിച്ചിട്ടുണ്ട്. എന്നാൽ കൺവീനറുടെ GST രജിസ്ട്രേഷൻ രേഖകൾ ഫയലിൽ ലഭ്യമല്ല. ബില്ലിൽ നിന്ന് പിടിച്ച GST ഒടുക്കുവരുത്തിയതിന്റെയും കൺവീനറുടെ GST രജിസ്ട്രേഷന്റെയും രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/13.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൺവീനറുടെ GST രജിസ്ട്രേഷൻ രേഖയും, TDS ഒടുക്കിയ രേഖയും ഹാജരാക്കേണ്ടതും രജിസ്ട്രേഷൻ ഇല്ല എങ്കിൽ GST ഇനത്തിൽ അനുവദിച്ച 12% തുകയും കൺവീനറിൽ നിന്ന് തിരികെ ഈടാക്കി GST വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതുമാണ്.

## 1-28 ഓഡിറ്റ് പരാമർശം- അധികം നൽകിയ ₹ 14493 തിരിച്ചടച്ചു

2020-21 വർഷ ഓഡിറ്റിന്റെ ഭാഗമായി മുനിസിപ്പൽ എഞ്ചിനിയർ നടപ്പാക്കിയസെന്റർ നം 97 അംഗണവാടി കെട്ടിടം പൂർത്തീകരണം. (171/21) എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 9 പ്രകാരമുള്ള വാൾ ടൈൽ പ്രവൃത്തി നടത്തിയതിന്റെ അളവ് രേഖപ്പെടുത്തിയപ്പോൾ വന്ന വ്യത്യാസം കാരണം കരാറുകാരന് അധികം നൽകിയ ₹ 14493 (രസീത് നം 01/122400103831/22.07.2022) ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് നഗരസഭയിൽ തിരിച്ചടച്ചു.

## 1-29 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

നഗരസഭകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും ) ചട്ടങ്ങൾ 1997 അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

നഗരസഭയിൽ തൻവർഷം മാനുവൽ ടെണ്ടർ ചെയ്ത പ്രവൃത്തികളില് മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

അപാകതകൾക്ക് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ

4) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ

5) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

I- സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച ഉത്തരവിലാണ് . ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

എ) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

ബി) കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.

സി) എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.

ഡി) സൂപ്പർവി,ൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.

ഇ) ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

II- 30.12.2016, 24.07.2019 തിയ്യതികളിലെ സർക്കുലറിൽ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകി.

മേൽ ഉത്തരവുകളിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാണ്.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

2) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടോയുള്ള നിർമ്മാണമായിരിക്കണം.

3) ആദ്യതവണ ഫിറ്റ്നസ് നൽകുമ്പോൾ നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കണം.

നഗരസഭയിൽ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായി അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) നഗരസഭയിൽ നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

തുടർന്നുള്ള വർഷങ്ങളിൽ ഫിറ്റ്നസ് നൽകുമ്പോൾ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കേണ്ടതാണ്.

## 1-31 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ തിരൂരങ്ങാടി SBI യിൽ ഉള്ള 67179065194 നമ്പർ ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പണത്തിന്റെ വിവരം താഴെ നൽകുന്നു.

| തിയ്യതി | തുക |
|---|---|
| 01.04.2019 | 221073.50 |
| 31.03.2020 | 316232.50 |
| 31.03.2021 | 635263.50 |
| 04.08.2021 | 332598.50 |
| 30.06.2022 | 595436.50 |

അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക ഓരോ കാലയളവിലും വർദ്ധിച്ചുവരുന്നതായി വ്യക്തമാകുന്നുണ്ട്.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്.

ചെലവഴിക്കാൻഅവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് കണ്ടെത്തി അർഹരായവർക്ക് നൽകി/ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതും , വരവ് ചെലവ് വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/13.07.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 കാഷ്ബുക്ക് എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

മുനിസിപ്പൽ എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്ക് 31.01.2020 വരെ മാത്രമെ എഴുതിയിട്ടുള്ളൂ.
2. 2019-20 കാലയളവിലെ കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. രേഖപ്പെടുത്തൽ ഉള്ള 31.01.2020 വരെയുള്ള മുഴുവൻ വരവ് ചെലവുകളും കാഷ്ബുക്ക് ൽ ചേർത്തിട്ടില്ല.
4. കാഷ്ബുക്കിന്റെ ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
5. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.

കാഷ്ബുക്ക് ശരിയായി എഴുതാത്തതിനാൽ മുനിസിപ്പൽ എഞ്ചിനിയറുടെ ഓഫീസിന്റെ വരവുചെലവുകളുടെ നിജസ്ഥിതി ഓഡിറ്റിന് പൂർണ്ണമായി പരിശോധിക്കാനായിട്ടില്ല.
മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/13.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

കാഷ്ബുക്ക് പൂർണ്ണമായി എഴുതി തയ്യാറാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-33 ഗുണഭോക്തൃ സമിതി പ്രവൃത്തി -സർക്കാർ നിർദ്ദേശം പാലിക്കാതെ നടപ്പാക്കി.

2020-21 ൽ നഗരസഭയിൽ നടപ്പാക്കിയ ഏതാനും പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയത്. ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തി നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് നഗരസഭയിൽ ഗുണഭോക്തൃ സമിതി പ്രൊജക്ടുകൾ നടപ്പാക്കിയത്. ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സർക്കുലറിലെ (No 1/ 1559/ CE/ LSGD Dt 13.11.2014 ) നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയത്.

പ്രവൃത്തി സംബന്ധിച്ച താഴെ പരാമർശിക്കുന്ന രേഖകൾ ഇല്ലാതെയാണ് പ്രവൃത്തി നടത്തിയത്.

1. ഗുണഭോക്തൃ സമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച രേഖകൾ.
2. ഗുണഭോക്തൃ സമിതിയുടെ ബാങ്ക് പാസ്ബുക്ക്
3. കമ്മിറ്റി യോഗ മിനുട്സ്,
4. സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ,
5. തൊഴിലാളികൾക്ക് കൂലി നൽകിയതിന്റെ രേഖകൾ,

സർക്കാർ നിർദ്ദേശം പാലിക്കാതെ ഗുണഭോക്തൃ സമിതി പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിക്കണം

നഗരസഭയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ നഗരസഭയിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | നഗരസഭയിൽ നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ |
|---|---|---|
| നാഷനൽ ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറിസ്കൂൾ, ചെമ്മാട് | 34/202 -Ground Floor (567.37 SqM)<br>First Floor (578.76 SqM)<br>Second Floor (578.76 SqM)<br>Third Floor (578.76 SqM)<br>34/202 A- Ground Floor (295.47 Sqm)<br>34/202 B- First Floor (295.47 Sqm)<br>34/202 C- First Floor (295.47 Sqm)<br>34/202 D- Second Floor (295.47 Sqm)<br>ആകെ - 3485.53 SqM<br>(കണ്ണിയത്ത് അഹമ്മദ് മുസ്ല്യാർ മെമ്മോറിയൽ ട്രസ്റ്റ് എന്ന പേരിലാണ് കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിരിക്കുന്നത് ) | 1990 ൽ നിർമ്മിച്ച നാല് നില കെട്ടിടം<br>(67.5x8.35 Sqm GF, 69.36x8.35 Sqm FF, 69.36x8.35 Sqm SF, 69.36x8.35 Sqm TF)<br>2012 ൽ നിർമ്മിച്ച നാല് നില കെട്ടിടം<br>(45.14x8.41 Sqm GF, 40.1x8.41 Sqm FF, 40.1x8.41 Sqm SF, 40.1x8.41 Sqm TF)<br>2017 ൽ നിർമ്മിച്ച നാല് നില കെട്ടിടം<br>(28.1x8.2 Sqm GF, 28.1x8.2 Sqm FF, 28.1x8.2 Sqm SF, 28.1x8.2 Sqm TF) |

| | | |
|---|---|---|
| ഖുതുബുസ്സമാൻ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ചെമ്മാട് | 4/448 B – Ground Floor( 65 Sqm)<br>4/468 A – Ground Floor( 258 Sqm), First Floor( 258 Sqm)<br>( 2015 ലെ കെട്ടിട നികുതി പരിഷ്കരണത്തിൽ ഈ സ്കൂൾകെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നഗരസഭയുടെ നമ്പർ കെട്ടിടങ്ങൾക്ക് ഇല്ല. )<br>ഖുതുബുസ്സമാൻ എജ്യുക്കേഷനൽ സൊസൈറ്റി എന്ന പേരിലാണ് നമ്പർ നൽകിയിരിക്കുന്നത്. | ഓരോ നിലയിലും 18 ക്ലാസ്സ്മുറികൾ വീതമുള്ള നാല് നില കെട്ടിടം<br>ഓരോ ക്ലാസ്സ് മുറിയും 36 Sqm. ക്ലാസ്സ് മുറികളുടെ മാത്രം വിസ്തീർണ്ണം 2592 Sqm .കെട്ടിടത്തിന്റെ വരാന്ത മറ്റ് പൊതു ഇടങ്ങൾ എന്നിവ പരിഗണിക്കുമ്പോൾ വിസ്തീർണ്ണം ഇനിയും വർദ്ധിക്കും |

മുകളിൽ ചേർത്ത രണ്ട് അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ കെട്ടിടങ്ങൾ നിയമാനുസൃതം നിർമ്മിക്കപ്പെട്ടതാണോ എന്നത് ബന്ധപ്പെട്ട എഞ്ചിനിയർ ഉറപ്പ് വരുത്തേണ്ടതായിരുന്നു. ഇത്തരത്തിലുള്ള പരിശോധനകളൊന്നും നടത്താതെ പ്രസ്തുത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുകയാണ് ചെയ്തത്.

നഗരസഭയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 ടോയ്‌ലറ്റ് ഉപയോഗിക്കാതെ പൊളിച്ചുമാറ്റി - ₹ 6,00,000 പാഴ്ചെലവ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിൽ നിർമ്മിച്ച മോഡുലാർ ടോയ്ലെറ്റ് (ഇ ടോയ്ലെറ്റ്) നിർമ്മാണം പൂർത്തീകരിച്ചശേഷം 18 മാസത്തിനകം തന്നെ പൊളിച്ച് മാറ്റിയത് മൂലം ഈ ഇനത്തിൽ ചെലവഴിച്ച ₹ 600000 പാഴ് ചെലവായി

2020-21 വർഷത്തിൽ മുനിസിപ്പൽഎഞ്ചിനിയർ നിർവഹണം നടത്തിയ മോഡുലാർ ടോയ്‌ലറ്റ് സ്ഥാപിക്കൽ (236/21 ) എന്ന പ്രൊജക്ട് പ്രകാരം നഗരസഭാ ബസ്സ്റ്റാന്റിനോടനുബന്ധിച്ച് മൂന്ന് മോഡുലാർ ടോയ്ലറ്റ് (ഇ ടോയ്ലറ്റ് ) ആണ് പൊളിച്ചുകളഞ്ഞത്.
പ്രൊജക്റ്റിന് ₹ 600000 ചെലവഴിച്ചിട്ടുണ്ട്. ( ₹318305 ( 22000514/23.11.2020 ) , 281695 (20150647005600909827/07.01.2021 ) . ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോ മുഖേനയാണ് പ്രൊജക്ട് നടപ്പാക്കിയത്.

പ്രൊജക്ട് ഫയൽ ഭരണ സമിതി മിനുട്സ് എന്നിവ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമായി.

1. ഒരു കോടി രൂപ എസ്റ്റിമേറ്റിൽ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് വേണ്ടി പഴയ ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചു കളഞ്ഞ സ്ഥലത്താണ് മോഡുലാർ ടോയ്‌ലറ്റ് സ്ഥാപിച്ചത്.
2. 2018-19 വാർഷിക പദ്ധതിയിൽ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഒരു കോടി രൂപ ചെലവിൽ പ്രൊജക്ട് തയ്യാറാക്കുകയും 2018-19 വർഷത്തിൽത്തന്നെ കെട്ടിടത്തിന്റെ ബേസ്മെന്റ് പ്രവൃത്തി പൂർത്തീകരിക്കാൻ നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും ചെയ്തതാണ്. ( 18.08.2018 ലെ 1( 6) തീരുമാനം)
3. നഗരസഭാ കൊൺസിലിന്റെ 06.02.2019 ലെ 12ാം നം തീരുമാനപ്രകാരം പഴയ ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ച കളഞ്ഞ സ്ഥലത്ത് നിർമ്മാണത്തിന് തടസ്സമാകാത്ത രീതിയിൽ 3 മോഡുലാർ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.
4. 8/2019 ന് ടോയ്ലറ്റ് നിർമ്മിക്കുന്നതിന് സിഡ്കോയുമായി കരാർ ചമച്ചു.
5. 11/2019 ൽ പ്രവൃത്തി പൂർത്തീകരിച്ച ഈ ടോയ്ലറ്റിന് ആവശ്യമായ വൈദ്യുതി, വെള്ള കണക്ഷനുകൾ 12/19 ന് ലഭിച്ചു.
6. 7/2021 ൽ നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രവർത്തനത്തിനായി ടോയ്ലറ്റ് മാറ്റി സ്ഥാപിക്കാൻ തീരുമാനിക്കുകയും പൊളിച്ചുമാറ്റുകയും ചെയ്തു

01/20 മുതൽ 06/2021 വരെ മാത്രമാണ് 6 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ടോയ്‌ലറ്റ് നിലനിന്നിട്ടുള്ളൂ എന്നാണ് മേൽ വിവരങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. ഈ കാലയളവിൽത്തന്നെ ഗണ്യമായ കാലയളവ് കോവിഡ് ലോക്ക്ഡൗൺ കാരണമുള്ള അടച്ചിടലായിരുന്നു.

മോഡുലാർ ടോയ്‌ലറ്റുകൾ ഉപയോഗിക്കുന്നതിന് പൊതു ജനങ്ങൾക്കുള്ള പരിജയക്കുറവും, ടോയ്ലറ്റിന്റെ

പ്രവർത്തനത്തിലെ പ്രശ്നങ്ങളും മൂലം ടോയ്ലറ്റ് പ്രവൃത്തി പൂർത്തീകരിച്ച ശേഷവും പൊതു ജനങ്ങൾക്ക് ഇത് കാര്യമായി ഉപയോഗപ്പെട്ടിട്ടില്ല എന്ന് നഗരസഭാ ജീവനക്കാർത്തന്നെ വാക്കാൽ വ്യക്തമാക്കുകയും ചെയ്തു.

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി 2018-19 ൽത്തന്നെ പ്രവൃത്തി തുടങ്ങാൻ തീരുമാനമെടുത്ത സൈറ്റിൽ മോഡുലാർ ടോയ്ലറ്റ് സ്ഥാപിക്കുന്നതിന് തീരുമാനമെടുത്ത നഗരസഭാ കൗൺസിലിന്റെയും നിർവഹണോദ്യോഗസ്ഥന്റെയും ദീർഘ വീക്ഷണമില്ലാത്ത തീരുമാനങ്ങളാണ് കുറഞ്ഞ കാലയളവിനുള്ളിൽ ടോയ്‌ലറ്റ് പൊളിച്ചുകളയുന്നതിനും അതു വഴി പൊതു ഫണ്ട് പാഴ്ച്ചെലവാകുന്നതിനും ഇടവരുത്തിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രൊജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കൂടി കണ്ടെത്തി.

1. ടെണ്ടർ കൂടാതെ മോഡുലാർ ടോയ്ലറ്റ് നിർമ്മിക്കുന്നതിന് SIDCO യെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടില്ല.
2. SIDCO യുമായി ചമച്ച കരാറിൽ ടോയ്ലറ്റിന്റെ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഇല്ല.

ടെണ്ടർ നടപടികൾ കൂടാതെ ടോയ്‌ലറ്റ് പ്രവൃത്തി നടപ്പാക്കിയതിനാലും , ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിന് സ്ഥലം തെരഞ്ഞെടുത്തതിലെ വീഴ്ച മൂലം പൊളിച്ചുകളയെണ്ടിവന്നതുമൂലം ചെലവഴിച്ച പണം പാഴ്ച്ചെലവായതിനാലും ഈ പ്രൊജക്ടിന് ചെലവഴിച്ച ₹ 600000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രൊജക്ട് നടത്തിപ്പിലെയും സ്ഥലം തെരഞ്ഞെടുപ്പിലെയും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 ഇ. ടെണ്ടർ - ടെണ്ടർ ഫീ നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടില്ല

എഞ്ചിനിയറിംഗ് വിഭാഗം നടപ്പാക്കുന്ന വിവിധ ഇ ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ അടവാക്കിയത് സംബന്ധിച്ച വിവരം ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ടെണ്ടർ ഫീ ഏത് അക്കൗണ്ടിലാണ് വരവ് വരുന്നത് എന്നത് സംബന്ധിച്ചും ലഭിച്ച തുക മുനിസിപ്പാലിറ്റിയിൽ ഒടുക്ക് വരുത്തയത് സംബന്ധിച്ചും വിവരങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക നാളിതുവരെ നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടില്ല എന്നാണ് ഓഡിറ്റിന് വ്യക്തമായത്. നാളിതുവരെ ലഭിക്കാനുള്ള ടെണ്ടർ ഫീസ് നഗരസഭാ അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതും ടെണ്ടർ ഫീസ് മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ വരവ് വരുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

## 1-37 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം 2020-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികളുടെ നടത്തിപ്പ്

2020-21വർഷത്തിൽ നഗരസഭയില് മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 190 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 136 പ്രൊജക്ടുകളിലായി ആകെ 33227491 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 190 | ആകെ അടങ്കൽ | 67081942 |
| നടപ്പിലാക്കിയത് | 136 | ചെലവ് | 33227491 |
| ശതമാനം | 72 | ചെലവ് ശതമാനം | 51 |

മേൽ നൽകിയ വിവരങ്ങൾ നഗരസഭയുടെ സുലേഖ പ്ലാൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതാണ്.

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാ നം തയ്യാറാക്കിയിട്ടില്ല .

നഗരസഭകളിൽ പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

നഗരസഭയുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി നഗരസഭയിൽ

തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

V) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

നഗരസഭയുടെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇവ പൂർണ്ണമായി സൂക്ഷിക്കുന്നില്ല.

1)കാഷ് ബുക്ക്

2020-21 കാലയളവിൽ കാഷ് ബുക്ക് എഴുതിയിട്ടില്ല. ഒരു ഓഫീസിന്റെ പണമിടപാടുകളുടെ അടിസ്ഥാന രേഖയായ കാഷ്ബുക്ക് എഴുതി സൂക്ഷിക്കാത്തത് ഗൗരവതരമായ അപാകതയാണ്. കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ഹാജറാക്കേണ്ടതാണ്.

2)ടെണ്ടർരജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

3) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ഹാജറാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ചു നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് : അപാകതകൾ

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ടിന്റെപേര് : SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (54/2021)

അടങ്കൽ :480000/-പ്ലാൻ

ചെലവ് :439824/- (ബിൽ നം 1/2021 തീയതി8.5.20)

എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകി മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ മേൽ പ്രൊജക്ടിന വേണ്ടി 12150/30.11.20നം ഇൻവോയ്സ് പ്രകാരം 27489രൂപ നിരക്കിൽ 16 ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും വാങ്ങി 16 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)വാങ്ങിയ ലാപ്ടോപുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2)ഒരു കുട്ടിയ്ക്ക് ഒരിയ്ക്കൽ മാത്രമേ ആനുകൂല്യം നൽകാവൂ എന്ന് സബ്സിഡി മാർഗരേഖ -സ.ഉ.നം 22/18 ത.സ്വ.ഭ.വകുപ്പ് തീയതി 14.2.18 ഖണ്ഡിക 7.2.8,7.2.9 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട് .എന്നാൽ ആയത് നിരീക്ഷിയ്ക്കുന്നതിന് ഉതകുന്ന രീതിയിൽ നഗരസഭയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3)പട്ടികജാതി വികസനവകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല എന്നു തെളിയിയ്ക്കുന്ന സാക്ഷ്യപത്രവും ഫയലിൽ കാണുന്നില്ല.

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.9/12.7.22(2020-21) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികജാതി വികസനവകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയക്ക് ഹാജരാക്കേണ്ടതും അപാകതകൾ ആവർത്തിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-39 ഗ്രോ ബാഗ് വിതരണം: അപാകതകൾ

നിർവ്വഹണം : കൃഷി ഓഫീസർ

പ്രൊജക്ടിന്റെപേര് : വാർഡുകളിൽ ഗ്രോബാഗ് പച്ചക്കറി (159/2021)

അടങ്കൽ :532000/- ( പ്ലാൻ - 399000 ഗുണഭോക്തൃ വിഹിതം- 133000/-)

ചെലവ് :532000/- (ബിൽ നം 10/4.2.21 )

കൃഷി ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഫാർമേഴ്സ് ഇക്കോഷോപ്പ് തിരൂരങ്ങാടി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം 359/29.1.21 പ്രകാരം 2000 രൂപ നിരക്കിൽ 266 എണ്ണം ഗ്രോ ബാഗുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1)ഇക്കോ ഷോപ്പ് വഴി ഗ്രോ ബാഗുകൾ വാങ്ങുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ്

2)ഗ്രോബാഗുകൾ വാങ്ങുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടികളുടെ വിവരം

3)266 എണ്ണം ഗ്രോബാഗുകൾ വാങ്ങിയത് വിതരണം ചെയ്തതിന്റെ രേഖകൾ

4)ഗുണഭോക്തൃ വിഹിതം 133000/- നഗരസഭയിൽ അടവാക്കിയതിന്റെ വിശദവിവരം

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 38/20.7.22 (20-21) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതുവരെ ചെലവിനാധാരമായ 532000 /-ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 1-40 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല.

2020-21 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ 2 സ്പിൽ ഓവർ പ്രൊജക്ടുകളടക്കം 13 പ്രോജെക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ (സ. ഉ.കൈ22/18 ത.സ്വ.ഭ.വ തീയതി.14.2.18) പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.എന്നാൽ ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ പ്രൊജക്ട് ഫയലുകളോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്,പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.ഓഡിററ് എൻക്വയറി നം.39/20.7.22 (20-21)

## 1-41 തെരുവ് വിളക്കുകളുടെ പരിപാലനം - ന്യൂനതകൾ

തെരുവ് വിളക്കുകളുടെ പരിപാലനത്തിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1) തെരുവ് വിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല.

2019-20,2020-21 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 355093/-രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭയിൽ ഒരു തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും നഗരസഭ പരിധിയിലുള്ള മുഴുവൻ തെരുവു വിളക്കുകളും ഉൾപ്പെടുത്തി ഇനം തിരിച്ചുള്ള എണ്ണം കാണിക്കുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. പ്രോജക്ട് നം.295/19-20 പ്രകാരം 845എണ്ണം 225വാട്ട് LEDബൾബുകളും, 221/19-20 പ്രകാരം 546 എണ്ണം 25 വാട്ട് LEDബൾബുകളും 9 എണ്ണം 120 വാട്ട് LEDബൾബുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.ഈ പദ്ധതികൾ പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ മുഴുവൻ വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011.കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല.

കൃത്യത ബോധ്യപ്പെട്ട്, വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും കേടായ സാധനങ്ങൾ അതത് ദിവസം തന്നെ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In Register ഉം Stock Out Register ഉം റികൺസൈൽ ചെയ്ത് ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ ഇത്തരം നടപടികൾ പാലിച്ചിട്ടില്ല.
രജിസ്റ്ററുകൾ ശരിയായി സൂക്ഷിക്കേണ്ടതും തെരുവുവിളക്കുകളുടെ പരിപാലനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-42 വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും - അവലോകനം

നഗരസഭകളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങളിൽ നഗരസഭയിലെ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും പരാമർശിച്ചിട്ടുണ്ട്. തിരൂരങ്ങാടി നഗരസഭയിലെ വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വണ്ടി<br>നമ്പർ | ഉപയോഗത്തിന്റെ<br>തരം | റിമാർക്സ് |
|---|---|---|---|
| 1 | KL 65 K 3451<br>മഹീന്ദ്ര.TUV ജീപ്പ് | ഓഫീസ് ഉപയോഗം | |
| 2 | KL 65 K 3896 | സെക്രട്ടറിയുടെ | |

| | | | |
|---|---|---|---|
| | ടൊയോട്ട എറ്റിയോസ് കാർ | വാഹനം | |
| 3 | KL 65 E 4464 ടിപ്പർ | ശുചീകരണം | |
| 4 | KL 10 S 8560 ബെലേറോ ജീപ്പ് | ഓഫീസ് ഉപയോഗം | കണ്ടം ചെയ്യാൻ മാറ്റിവച്ചിരിയ്ക്കുന്നു. |
| 5 | KL 65 N 7773ടൂ വിലർ | ഓഫീസ് ഉപയോഗം | നിശ്ചിത മാതൃകയിലുള്ള ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല. |

നഗരസഭയിലെ വാഹനങ്ങളുടെ ഫയൽ പരിശോധിച്ചതു പ്രകാരമുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) 2000ത്തിലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 4(1) (2) തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.6.2007ലെ ജി ഒ എം. എസ് 170/2007 നം ഉത്തരവ് എന്നിവ പ്രകാരം വാഹനവുമായി ബന്ധപ്പെട്ട് നഗരസഭയിൽ സൂക്ഷിയ്ക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ താഴെ പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

2വെഹിക്കിൾ ഹിസ്റ്ററി രജിസ്റ്റർ

3റിപ്പയർ രജിസ്റ്റർ

4ഇന്ധന ഓർഡർ രജിസ്റ്റർ

5ഫ്യുവൽരജിസ്റ്റർ

6വാഹനങ്ങളുടെ ഇനം, ഓരോ വാഹനത്തിന്റെയും വരവ് ചെലവ് എന്നിവ സംബന്ധിച്ച റിപ്പോർട്ട് എന്നിവ

2 ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ വിവരം ലഭ്യമല്ല.

ചട്ടം 8(1) പ്രകാരം 6 മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ ടെസ്റ്റ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെക്കുറിച്ചുള്ള ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത കാലപരിധിക്കുള്ളിൽ നടത്തുന്നില്ല. ഫ്യുവൽ കൺസംഷൻ ടെസ്റ്റ് നിശ്ചിത കാലപരിധിക്കുള്ളിൽ നടത്തേണ്ടതും മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗ തോത് കൂടിയിട്ടുണ്ടെങ്കിൽ വാഹനത്തിനുണ്ടായ തകരാറ് എന്തെന്ന് കണ്ടെത്തി ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയ ഉദ്യോഗസ്ഥന്റെ നിർദേശമനുസരിച്ച് കസ്റ്റോഡിയൻ ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

3 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നിയമാനുസൃതം നടപടി സ്വീകരിക്കണം

ചട്ടം 10(1) പ്രകാരം മുനിസിപ്പാലിറ്റിയിലെ എല്ലാ വാഹനങ്ങളുടെയും കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികളുടെ ചുമതല ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ചട്ടം 4 പ്രകാരം 10,000 രൂപയ്ക്കുമേൽ ചെലവ് വരുന്ന അറ്റകുറ്റപ്പണികൾ ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. എന്നാൽ ഇക്കാര്യത്തിൽ വീഴ്ച വന്നതായി കാണുന്നു. നഗരസഭയുടെ KL 10 S 8560 ബെലേറോ റിപ്പയർ ചെയ്യുന്നതിന് പ്രതാപ് ഓട്ടോ ഗ്യാരേജ് പരപ്പനങ്ങാടിയ്ക്ക് 105500രൂപ അനുവദിച്ചിട്ടുണ്ട് (വൗച്ചർ നമ്പർ 2190037/3.9.19).ക്വട്ടേഷൻ നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട ചട്ട പ്രകാരം നടത്തേണ്ടതാണ്.

വാഹനങ്ങളുടെ ഉപയോഗത്തിലും അവയുടെ പരിപാലനത്തിലും പരിപാലനവും കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.6.2007ലെ ജി ഒ എം. എസ് 170/2007 നം ഉത്തരവിലെ നിർദേശങ്ങൾ എന്നിവ പാലിയ്ക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-43 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം

തദ്ദേശസ്വയംഭരണവകുപ്പിന്റെ 25.6.2002 ലെ ജി.ഒ പി നം 105/2002 ലെ ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകളിന്മേലുള്ള അപേക്ഷകൾ ലഭിച്ച് 40ദിവസത്തിനകം തന്നെ ക്ഷേമ പെൻഷനുകൾ അനുവദിച്ച് നല്കണമെന്ന് പ്രത്യേകം വ്യക്തമാക്കിയിട്ടുള്ളതാണ്.എന്നാൽ 2019-20,20-21 വർഷത്തെ ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനാവിധേയമാക്കിയതിൽ, താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷനുകൾ അനുവദിയ്ക്കുന്നതിൽ കാലതാമസം വന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)വിധവാപെൻഷൻ:

അന്വേഷണ ഉദ്യോഗസ്ഥ : ഐ.സി.ഡി എസ് സൂപ്പർ വൈസർ

| ക്രമനം | അപേക്ഷകന്റെ പേര്/വാർഡ് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | സഫിയ തയ്യിൽ | 7.3.20 | 2.6.20 | 29.6.20 |
| 2 | റുഖിയ | 30.12.20 | 16.1.21 | 10.3.21 |
| 3 | നസൈബ | 30.12.20 | 16.1.21 | 10.3.21 |

2)വാർദ്ധക്യകാല പെൻഷൻ

അന്വേഷണ ഉദ്യോഗസ്ഥൻ വി.ഇ.ഒ

| ക്രമനം | അപേക്ഷകന്റെ പേര്/വാർഡ് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | നഗരസഭ അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | അബ്ദുൾ ഹമീദ് | 3.12.11 | 5.2.20 | 55/5.3.20 |
| 2 | മൂസ.തിരൂരങ്ങാടി. | 18.12.2019 | 7.1.20 | 56/6.5.20 |
| 3 | വേലായുധൻ സി | 16.12.2019 | 7.1.20 | 56/6.7.20 |
| 4 | സദാന്ദൻ.കെ | 9.6.20 | 19.6.20 | 63/19.10.20 |

വാർദ്ധക്യകാല പെൻഷൻ അപേക്ഷയുടെ രജിസ്റ്റർ പരിശോധിച്ചതിൽ 4/19,5/19,6/19 മാസങ്ങളിൽ ലഭ്യമായ അപേക്ഷകളില് മേൽ, നഗരസഭ കൗൺസിൽ അംഗീകാരം ലഭ്യമാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയതായി കാണുന്നില്ല.

3) കർഷകതൊഴിലാളി പെൻഷൻ:

അന്വേഷണ ഉദ്യോഗസ്ഥൻ :കൃഷി ഓഫീസർ

| ക്രമനം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | ഹസ്സൻകോയ ചെമ്മാട് | 2.5.2019 | 22.8.19 | 22.11.2019 |
| 2 | സൈനബ തിരൂരങ്ങാടി | 6.5.2019 | 22.8.19 | 22.11.2019 |
| 3 | മച്ചിങ്ങൽ അയിഷ | 5.7.19 | 22.8.19 | 22.11.2019 |
| 4 | അയിഷ കുട്ടി പന്താരങ്ങാടി | 29.2.20 | 10.6.20 | 12.8.20 |

4) വികലാംഗ പെൻഷൻ

അന്വേഷണ ഉദ്യോഗസ്ഥൻ :ഹെൽത്ത് ഇൻസ്പെക്ടർ

| ക്രമനം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | പഞ്ചായത്ത് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | മുഹമ്മദ്മുഹ്സിൻ പന്താരങ്ങാടി | 10.3.21 | 24.6.21 | 14/2.9.21 |
| 2 | സന്തോഷ് കെ.ടി | 10.3.20 | 8.6.20 | 29.6.20 |
| 3 | യൂനസ് | 27.2.20 | 8.6.20 | 29.6.20 |

5) അവിവാഹിതരായവനിതകൾക്കുള്ള പെൻഷൻ

അന്വേഷണ ഉദ്യോഗസ്ഥ : ഐ.സി.ഡി എസ് സൂപ്പർ വൈസർ

| ക്രമനം | അപേക്ഷകന്റെ | അപേക്ഷ | അന്വേഷണ | പഞ്ചായത്ത് |
|---|---|---|---|---|

| | പേര് | ലഭിച്ച തീയതി | ഉദ്യോഗസ്ഥൻ അംഗീകരിച്ച തീയതി | അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | സനിയ സി.എൻ | 25.7.19 | 224.6.21 | 5.3.20 |
| 2 | കാർത്ത്യായനി.എം | 1.12.20 | ലഭ്യമല്ല. | 20.3.21 |

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ക്ഷേമപെൻഷനുകൾ അനുവദിയ്ക്കുന്നതിൽ കാലാമസം വന്നതായി കാണുന്നുണ്ട്.അപേക്ഷകൾ നിരസിച്ചതിന്റെ വിവരങ്ങളൊന്നും രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുമില്ല പെൻഷൻ അപേക്ഷകളിന്മേൽ സർക്കാർ നിർദേശം പാലിയ്ക്കേണ്ടതും സമയബന്ധിതമായി തുടർനടപടികൾ സ്വീകരിയ്ക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിയ്ക്കേണ്ടതുമാണ്.

## 1-44 പ്രൊഫഷനൽ സർവീസ്- ആദായ നികുതി TDS കുറവ് വരുത്തിയിട്ടില്ല.

ഇൻകംടാക്സ് നിയമം 194J പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ ₹30000 ൽ അധികരിക്കുന്ന പ്രൊഫഷനൽ സേവനങ്ങൾക്ക് 10% നിരക്കിൽ ഇൻകംടാക്സ് TDS ഈടാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ 2020- 21 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനിയർ നിർവഹണം നടത്തിയ വിവിധ ഘടക സ്ഥാപനങ്ങളുടെ വൈദ്യുതീകരണം ( 230/21), താലൂക്ക് ആശുപത്രി വൈദ്യുതീകരണം (145/21) എന്നീ പ്രൊജക്ടുകളിലായി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് എഞ്ചിനിയർക്ക് (ശ്രീ. അബൂബക്കർ ₹62053 (22001035/19.03.21) ഫീസ് നൽകിയിട്ടുണ്ട്. എന്നാൽ നിയമപ്രകാരമുള്ള ആദായ നികുതി TDS കുറവ് വരുത്താതെയാണ് പ്രസ്തുത ഫീസ് നൽകിയിട്ടുള്ളത്.

പണം നൽകുമ്പോൾ ആദായ നികുതി നിയമപ്രകാരമുള്ള IT TDS ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ എൻക്വയറിക്ക് ( 17/14.07.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-45 ഫുഡ് ടെസ്റ്റ് ലാബിലെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയില്ല.

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റിന്റെപേര് : അംഗനവാടി പോഷകാഹാരം ( 31/2020-21 ) വികസന ഫണ്ട്- : 25ലക്ഷം

കേന്ദ്രവിഹിതം : 25ലക്ഷം

ചെലവ് :4967587

2020-21 വർഷത്തിൽ മേൽ പ്രൊജക്റ്റിന്റെ നടത്തിപ്പിനായി 48 അങ്കണവാടികളിലേക്ക് കൈരളി ന്യൂട്രിമിക്സ് യൂനിറ്റ് എന്നകുടുംബശ്രീ യൂനിറ്റുകളിൽ നിന്നും അമൃതം ന്യൂട്രിമിക്സ് ഫുഡ് സപ്ലിമെന്റ് വാങ്ങിയതിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ സ്ഥാപനത്തിനങ്ങൾക്ക് കൈമാറിയ തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നം & തുക | ഇൻവോയ്സ് നം,തീയതി | വാങ്ങിയ ന്യൂട്രിമിക്സ് | സ്ഥാപനത്തിനു നൽകിയ തുക |
|---|---|---|---|---|
| 1 | 747561/27-1-21 | 12/27-8-20 | 3450kg | 243225 |
| 2 | 747561/27-1-21 | 14/15-9-20 | 3530kg | 248865 |
| 3 | 747563/22-3-21 | 16/22-10-20 | 3710kg | 261555 |
| 4 | 747563/22-3-21 | 18/12-11-2020 | 3760kg | 265080 |
| 5 | 747563/22-3-21 | 20/24-12-2020 | 3885kg | 273892 |
| 6 | BRN20150647004700466845/25-8-20 | 8/19-6-20 | 2970kg | 209385 |
| 7 | BRN20150647004700466845/25-8-20 | 10/22-7-20 | 3430kg | 241815 |

1. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. ഫുഡ് ടെസ്റ്റ് ലാബിലെ പരിശോധനാ റിപ്പോർട്ട് മുഴുവൻ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2.കൈരളി ന്യൂട്രിമിക്സ് യൂണിറ്റ് ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിന് നഗരസഭയുമായി കരാർ ചമയ്ച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/16.07.22) കാലാഹരണപ്പെട്ട ലാബ്

റിപ്പോർട്ട് ആണ് ലഭ്യമാക്കിയിട്ടുള്ളത്.ഫുഡ് ടെസ്റ്റ് ലാബിലെ കാലികമായ പരിശോധനാ റിപ്പോർട്ട് ,കൈരളി ന്യൂട്രിമിക്സ് യൂണിറ്റ് ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിന് നഗരസഭയുമായി കരാർ ചമയ്ച്ചതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-46 കെട്ടിട നിർമ്മാണാനുമതി അപേക്ഷ – രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് 02.12.2015 ലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകൾ നിശ്ചിത മാതൃകയിലുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയാണ് തുടർ നടപടി സ്വീകരിക്കേണ്ടത്. ഇത് സംബന്ധിച്ച് സർക്കുലറിൽ വ്യക്തമാക്കുന്ന കാര്യങ്ങൾ താഴെ നൽകുന്നു.

ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ സംബന്ധിച്ച എല്ലാ തുടർ നടപടി വിവരങ്ങളും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. രേഖപ്പെടുത്തലുകൾക്കിടയിൽ രജിസ്റ്ററിലെ ഉപയോഗിക്കാത്ത പേജുകളും വരികളും റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. അപേക്ഷകൾ പരിശോധനക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്ന വിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പെർമിറ്റ് അനുവദിക്കുകയാണെങ്കിൽ ഫീസ് അടച്ച വിവരം, പെർമിറ്റ് നമ്പർ , തിയ്യതി എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിച്ച് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും ക്രമപ്രകാരം അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പരിശോധനാ വിവരം തിയ്യതി വച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
2020-21 വർഷത്തെയും മുൻ വർഷങ്ങളിലെയും കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ സൂക്ഷിപ്പിൽ ഗൗരവതരമായ അപാകതകൾ കണ്ടെത്തുകയുണ്ടായി.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) തൻ വർഷം ലഭിച്ച മുഴുവൻ അപേക്ഷകളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2) അപേക്ഷകളിൽ സ്വീകരിച്ച തുടർ നടപടി വിവരം, പരിശോധനക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയ വിവരം, എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3) ഏതാനും അപേക്ഷകളിൽ മാത്രമാണ് പെർമിറ്റ് നൽകിയതിന്റെ വിവരം പൂർണമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയത്. പെർമിറ്റ് നൽകിയ വളരെയധികം അപേക്ഷകളിൽ രജിസ്റ്ററിൽ യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല.

3) രജിസ്റ്റർ പ്രകാരം പല അപേക്ഷകളിലും അപേക്ഷ സംബന്ധിച്ച വിവരം മാത്രമെ ചേർത്തിട്ടുള്ളൂ.

4) സെക്രട്ടറിയോ ചുമതലപ്പെടുത്തിയോ ഉദ്യോഗസ്ഥരോ ആരുംതന്നെ കൃത്യമായ ഇടവേളകളിൽ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 29/20.07.22) തുടർന്നുള്ള അപേക്ഷകൾ കൃത്യമായി രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-47 PMAY-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

PMAY- ബന്ധപ്പെട്ട ഫയലുകൾ/ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഭവന പദ്ധതിയിൽ ഉൾപ്പെട്ട 18 ഗുണഭോക്താക്കളിൽ 16 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21 / 23.7.22) PMAY ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ 16 പേർ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെന്നും ടി ആളുകൾക്ക് ഒക്യുപ്പെൻസി നൽകുന്ന മുറക്ക് മാത്രമെ തുക നൽകാൻ കഴിയുകയുള്ളൂ എന്നും അറിയിച്ചു.ഭവന നിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-48 സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCo മുഖേന പ്രൊജക്ട് നടപ്പാക്കി.

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും (GO(RT) 20/2019/SPD Dt. 13.05.2019 , GO(RT) 19/2019/SPD Dt. 13.05.2019 പ്രകാരം )സർക്കാർ ഉത്തര് പുറപ്പെടുവിച്ചതാണ്. മേൽ ഉത്തരവുകളിൽ പരാമർശിക്കുന്ന സാധനങ്ങൾ മാത്രമെ ടെണ്ടർ കൂടാതെ ARTCOയിൽ നിന്നും വാങ്ങാൻ അനുമതിയുള്ളൂ.

എന്നാൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥനായി 2020-21 ൽ നടപ്പാക്കിയ ചുവടെ ചേർത്ത

പ്രൊജക്ടിൽ മേൽ പരാമർശിച്ച ഉത്തരവിൽ ഉൾപ്പെടാത്ത സാധനങ്ങൾ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO മുഖേന വാങ്ങിയതായി വ്യക്തമായി.

| പ്രൊ.നം | പ്രൊജക്ട് | ചെലവ് | ചെക്ക് നമ്പർ/തീയ്യതി | കുറിപ്പ് |
|---|---|---|---|---|
| 147 | അംഗണവാടികളുടെ ഭൗതിക സൌകര്യം മെച്ചപ്പെടുത്തൽ | 799949 (തനതുഫണ്ട്) | 0001759 തീ 2-12-20 ഇൻ വോയ്സ് നം.258/2-11-20 | ടേബിൾ,ചെയർ,കാർപ്പെറ്റ് ,നോട്ടീസ് ബോഡ്,മിക്സി തുടങ്ങിയവ വാങ്ങിയതിന്റെ വില നൽകിയത്. പെയിന്റിംഗ് പ്രവൃത്തിയും നടപ്പാക്കിയിട്ടുണ്ട്. |

മേൽ പ്രൊജക്ടുകൾ പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെടെ വിശദമായ എസ്റ്റിമേറ്റ് ARTCOതയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ARTCO നിരക്ക് നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതും വ്യക്തമാക്കിയിട്ടില്ല.സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ടുകൾ നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 22/ 16.7.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സാധനങ്ങൾ വാങ്ങിയതിനും പ്രവൃത്തി നടത്തിയതിനും ചെലവഴിച്ച ₹ 799949/- തടസ്സം ചെയ്യുന്നു.

## 1-49 അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകേണ്ടത് മുനിസിപ്പൽ സെക്രട്ടറിയാണ് ( 1999 ലെ ചട്ടം 22, 2019 ലെ ചട്ടം 20 ) . ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച ഏതാനും ഫയലുകളിൽ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ഒപ്പുവച്ചതായി കാണുന്നു.

| ഫയൽ നം. | കെട്ടിടത്തിന്റെ തരം/ വിസ്തീർണ്ണം |
|---|---|
| 1029/19 Dt 30.01.2019 | താമസം ( 43.3 $M^2$ ) |
| PW2-2015/2021 Dt20.01.2021 | താമസം ( 82.04 $M^2$ ) |
| PW2-1678/2020 Dt27.01.2020 | താമസം ( 80.69 $M^2$ ) |
| PW2-15552/2018 Dt31.10.2018 | താമസം ( 81.08 $M^2$ ) |
| PW2-1545/2020 Dt24.01.2020 | വാണിജ്യം ( 287.58 $M^2$ ) |

ഇത്തരത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകാൻ ആധാരമാക്കിയ സർക്കാർ നിർദ്ദേശം/ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-36/20.7.2022) മറുപടി ലഭ്യമായിട്ടില്ല.

## 1-50 മാലിന്യനിർമ്മാർജ്ജന ഫണ്ട് ആരംഭിച്ചിട്ടില്ല.

1)1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 334 സി വകുപ്പ് മുൻസിപ്പൽ പ്രദേശത്തുണ്ടാകുന്ന മാലിന്യനിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി "മാലിന്യനിർമ്മാർജ്ജന ഫണ്ട് " എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപിക്കാൻ അതത് മുൻസിപ്പാലിറ്റികൾക്ക് അധികാരം നൽകുന്നുണ്ട്. നഗരസഭ ഇപ്രകാരം ഒരു പ്രത്യേക നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്

2)സംസ്ഥാനസർക്കാർ 13.09.18 ജി.ഒ(പി) നം.65/18/ത.സ്വ.ഭ.വ പ്രകാരം Solid Waste Management Rules 2016 നെ അടിസ്ഥാനമാക്കി സ്റ്റേറ്റ് പോളിസി പ്രഖ്യാപിച്ചിട്ടുള്ളതാണ്.ഇതനുസരിച്ച് Local Government Authorities തലത്തിൽ ചെയ്യേണ്ട 35 കാര്യങ്ങളിൽ നഗരസഭയിൽ നടപ്പാക്കിയ കാര്യങ്ങൾ വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറി നം. 46/20- 21 / 23.7.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദവിവരം പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-51 നഗരസഭയിലെ മാലിന്യ സംസ്കരണ/ ശുചിത്വ സംവിധാനങ്ങൾ - അവലോകനം

തിരൂരങ്ങാടി നഗരസഭയുടെ മാലിന്യ സംസ്കരണ/ ശുചിത്വ സംവിധാനങ്ങളുമായി ബന്ധപ്പെട്ട വിശദമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

തിരൂരങ്ങാടി നഗരസഭയുടെ മാലിന്യ സംസ്കരണ/ ശുചിത്വ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് നഗരസഭയിൽ ആകെ 21 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട് . അതിൽ 12 പേർ താൽക്കാലിക ജീവനക്കാരും ( സി.എൽ.ആർ) 9പേർ സ്ഥിരം ജീവനക്കാരുമാണ്.താൽക്കാലിക ജീവനക്കാരിൽ 8 പേർ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ ശുചീകരണ പ്രവൃത്തികൾ ചെയ്തു വരുന്നു. ഒരാൾ ഹരിതകർസേനയുടെ ഭാഗമായും ഒരാൾ ബഹു. ചെയർമാന്റെ ഡ്രൈവറായും ഒരാൾ ഹെൽപ് ഡസ്കിലും പ്രവർത്തിക്കുന്നുണ്ട്. മറ്റൊരാൾ ഓഫീസിൽ ടൈപ്പിംഗ് ജോലിയും ചെയ്തുവരുന്നു. സ്ഥിരം ജീവനക്കാരിൽ ഒരാൾ ഹെൽത്ത് വിഭാഗത്തിൽ ഓഫീസ് അറ്റന്റായി പ്രവർത്തിക്കുന്നു. ഓഫീസിനകത്തും പുറത്തും വൃത്തിയാക്കുന്നതിനായി 2പേരും ദൈനം ദിന ശുചീകരണ പ്രവൃത്തികൾക്കായി 3പേരും വാഹനം ഓടിക്കുന്നതിനായി 4പേരുമുണ്ട്. ജീവനക്കാരുടെ ജോലി ഷെഡ്യൂൾ വെയ്ക്കുന്നതിനായി 7മണിയ്ക്ക് മസ്റ്ററോൾ ചെയ്യുന്നതിനും ജോലി നിരീക്ഷിയ്ക്കുന്നതിനും ജൂനിയർ ഹെൽത്ത് ഇന്സ്പെക്ടർ ഗ്രേഡ് 2 എന്നവരെ നിയോഗിച്ച് ടി പ്രവർത്തനം എല്ലാ ദിവസവും നിരീക്ഷിച്ച് വരുന്നതായി ഹെൽത്ത് വിഭാഗത്തിൽ നിന്ന് അറിയിച്ചു.

മാലിന്യ ശേഖരണത്തിനായി ഒരു ലോറിയും അർബാന,പിക്കാസ്,വാക്വം ക്ലീനർ വാട്ടർ ക്ലീനർ, പുല്ല് വെട്ടൽ മെഷീൻ ഫോഗ്ഗിംഗ് മെഷീൻ ഫ്ലോർ ക്ലീനർ തുടങ്ങിയ ഉപകരണങ്ങളും നഗരസഭയ്ക്കുണ്ട്.

മാലിന്യസംസ്കരണത്തിനായി 2020-21 മുതൽ പൈപ്പ് കംപോസ്റ്റ്, 2020-21 മുതൽ വീട്ടുകളിൽ ബയോഗ്യാസ് 2022-23 മുതൽ വീട്ടുകളിൽ കിച്ചൺ ബിന്നുകളും നഗരസഭയിൽ തുടങ്ങിയിട്ടുണ്ട്. ഹരിതകർമസേന രൂപീകരിച്ച് വീട്ടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിയ്ക്കുന്ന പ്രവർത്തനം ജനുവരി 2019 ന് നഗര സഭയിൽ ആരംഭിച്ചു. 37-ാം വാർഡിൽ വെഞ്ചാലിയിൽ നഗര സഭയുടെ സ്വന്തം സ്ഥലത്ത് 2000ചതുരശ്രമീറ്റർ വിസ്തൃതിയിൽ 30.6.2022 ൽ എം.സിഎഫ് പ്രവർത്തിച്ചുവരുന്നു.ഇതു കൂടാതെ വെന്നിയൂർ വാർഡ് 16ൽ 600 ചതുരശ്രമീറ്റർ വിസ്തൃതിയിലും 28-ാം വാർഡിൽ ചന്തപ്പടിയിൽ നഗര സഭയുടെ സ്വന്തം സ്ഥലത്ത് 200ചതുരശ്രമീറ്റർ വിസ്തൃതിയിൽ ഒരു മിനി എംസി.എഫും ഉണ്ട്.

നഗരസഭയ്ക്ക് ഒരു സ്വകാര്യ മാർക്കറ്റും ഒരു സ്വകാര്യ അറവുശാലയുമുണ്ട്.ടി സ്ഥാപനങ്ങളിലെ മാലിന്യം സ്വന്തം ഉത്തരവാദിത്ത്വത്തിൽ സംസ്കരിയ്ക്കുന്നതിനുള്ള സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഉടമകൾ സംസ്കരണം നടത്തുകയും ചെയ്യുന്നത്. കോഴി മാലിന്യം സ്വകാര്യ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട് കളക്ഷൻ നടത്തിവരുന്നു. (ഓഡിററ് എൻക്വയറി നം. 7/12.7.22 (20-21)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോവിഡ് ടെസ്റ്റ്- ജനതാ ഡയഗ്ണോസ്റ്റിക് സെന്ററിന് അധികം തുക നൽകി ₹11000 അധികച്ചെലവ്

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പിലാക്കിയ പകർച്ചവ്യാധി നിയന്ത്രണം(37/21) എന്ന പ്രോജക്ടിന്റെ ഭാഗമായി ജനതാ ഡയഗ്ണോസ്റ്റിക് സെന്ററിന് 22 രോഗികളെ കോവിഡ് ടെസ്റ്റ് ചെയ്തതിന് 11000/-രൂപ അധികം നൽകിയിട്ടുണ്ട്.

സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം ഒരു ടെസ്റ്റിന് അവകാശപ്പെട്ട നിരക്കായ ₹1500 പകരം പണം നൽകിയപ്പോൾ ഒരു ടെസ്റ്റിന് ₹2000 നിരക്കിൽ നൽകിയത്മൂലമാണ് അധികച്ചെലവുണ്ടായത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നൽകാവുന്ന തുക<br>(ഇൻവോയ്സ് നമ്പർ/ തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|
| 158/26-8-20,<br>1500/-രൂപ<br>171മുതൽ 190 വരെ /26-8-20, | (22*2000)<br>BRN20150647005001419081/29-3-21<br>44000/-രൂപ | 11000/- |

| | | |
|---|---|---|
| (20*1500/-രൂപ)<br>30000/-രൂപ | | |
| 192/26-8-20<br>1500/-രൂപ | | |
| ആകെ-33000/-രൂപ | 44000/- | 11000/-രൂപ |

ഈ ഇനത്തിൽ അധികം നൽകിയ തുക ഉത്തരവാദിയിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/18.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 04-07-2022 മുതൽ 23-07-2022 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം./ തിയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 150/20 – കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 20150647002400891844 , 05.01.2021 | 950000 | 0 | - | 950000 |
| | | 2015064700240089175, 05.01.2021 | 7730000 | 0 | - | 7730000 |
| | | 20150647002401016572, 30.01.2021 | 430000 | 0 | - | 430000 |
| KSEB | 61/20 – നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 20150647002400279269, 22.6.2020 | 137156 | 0 | - | 137156 |
| | | 20150647002401359624, 25.3.2021 | 201898 | 0 | - | 137156 |
| | | 20150647002401091677, 16.2.2021 | 58905 | 0 | . | 58905 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY ലൈഫ് അർബൻ ഭവനപദ്ധതി | ജി.ഒ(എം.എസ്)/68 /2018/എൽ. എസ്.ജി.ഡി തി.18.05.18 | 0 | 41120000 | 1986667 | 0 | 39133333 |

(HUDCO)

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15766443 |
| തൻവർഷം നിക്ഷേപിച്ച തുക | 492267 |
| ആകെ | 16258710 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16258710 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | | തുക | രശീതി നം& തിയ്യതി |
|---|---|---|---|
| തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | 18988 | 3216830 | FDR NO :020574 /23-6-19 |
| | 18989 | 5676467 | FDR NO :020575 /23-6-19 |
| കേരള ഗ്രാമീൺ ബാങ്ക് | 40275201200003 | 6194601 | 722534/6-2-20 |
| | 40275201700010 | 22358 | 722535/8-2-20 |
| | 40275201900046 | 95118 | 722687/3-6-20 |
| | 40275201200004 | 779769 | 722533/6-2-20 |
| കനറാ ബാങ്ക് | 0825401001658/2 | 2167257 | 121298/3-11-19 |
| ആകെ | | 16258710 | |

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം തുടരുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1996-97 (ചാർജ്ജ്) | 35, 38(1), 40 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 574 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 2 | 1996-97 (സർചാർജ്ജ്) | 57 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 112 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 3 | 1996-97 (ചാർജ്ജ്) | 38(2), 38(3),44(എ),(ബി),45,46(എ),(ബി),48 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 83151 | 80269 രൂപ DCRG-യിൽ നിന്നും ഈടാക്കി, 2882 ഈടാക്കാനവശേഷിക്കുന്നു |
| 4 | 1996-97 (സർചാർജ്ജ്) | 50(1), 54,55,64 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 1356 | 385 രൂപ ഈടാക്കാനവശേഷിക്കുന്നു |
| 5 | 1998-99 (സർചാർജ്ജ്) | 44, 46(എ), 48,61,62 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 15741/Spl.Cell /SC5/04 Dt. 07.04.2005 | 39881 | 38989 രൂപ DCRG-യിൽ നിന്നും ഈടാക്കുകയും, 892 രൂപ സ്വയം അടവാക്കുകയും ചെയ്തു |
| 6 | 1999-01 (സർചാർജ്ജ്) | 41, 42, 43 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF 10627/Spl.Cell /SC5/05 Dt. 09.2010 | 73243 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 7 | 2002-03 (സർചാർജ്ജ്) | 3-3 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF 8486/Spl.Cell /SC5/09 Dt. 05.02.2010 | 9044 | 9044 രൂപ ഈടാക്കാനവശേഷിക്കുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2020-21 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 141018464 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 134981584 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7433007 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 110000 | ഡോ. നസീമ മുബാറക്.എം.കെ, മെഡിക്കൽ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22-1 | 1728252 | ശ്രീ. പ്രതാപൻ കെ., പ്രിൻസിപ്പാൾ |

| | | |
|---|---|---|
| 1-22-2 | 1412611 | ശ്രീ. പ്രതാപൻ കെ., പ്രിൻസിപ്പാൾ |
| 1-22-3 | 1200000 | ശ്രീ. പ്രതാപൻ കെ., പ്രിൻസിപ്പാൾ |
| 1-23 | 567000 | ശ്രീ. പ്രതാപൻ കെ., പ്രിൻസിപ്പാൾ |
| 1-25-1 | 193195 | ഡോ. രഷീദ പി,മെഡിക്കൽ ഓഫീസർ |
| 1-25-2 | 400000 | ഡോ. ഹരിദാസൻ സി ,മെഡിക്കൽ ഓഫീസർ |
| 1-35 | 600000 | ശ്രീമതി. ഭാഗീരഥി സി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-39 | 532000 | ശ്രീ. വിഷ്ണു ആർ., കൃഷി ഓഫീസർ |
| 1-48 | 799949 | ശ്രീമതി. മിനി പിലാക്കാട്ട്,ഐ സി ഡി എസ് സൂപ്പർ വൈസർ |
| ആകെ | 7433007 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. നസീമ മുബാറക്.എം.കെ, | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, തിരൂരങ്ങാടി | Babi Niama, Ayikkarappadi (PO), Pin. 673637 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1979-80 | എൽ എഫ് എം 15/2018/94 തിയതി 3.7.10 | 11 |
| 2 | 1982-83 | എൽ എഫ് എം9/2021/94 തിയതി 3.10.10 | 40 |
| 3 | 1985-86 | എൽ എഫ് എം9/2024/94 തിയതി 10.10.10 | 4 |
| 4 | 1988-89<br>1989-90 | എൽ എഫ് എം6/214/95 തിയതി 10.10.10 | 2 |
| 5 | 1990-91 | എൽ എഫ് എം6/648/96 തിയതി 3.7.10 | 12 |
| 6 | 1991-92 | എൽ എഫ് എം6/1251/94 തിയതി 3.7.10 | 17 |
| 7 | 1992-93<br>1993-94 | എൽ എഫ് എം6/1000/96 തിയതി 3.7.10 | 17 |
| 8 | 1994-95<br>1995-96 | എൽ എഫ് എം6/1014/97 തിയതി 10.10.10 | 30 |
| 9 | 1996-97 | എൽ എഫ് എം15/617/99 തിയതി 10.10.10 | 11 |

| | | | |
|---|---|---|---|
| 10 | 1998-99 | എൽ എഫ് എം14/487/01 തിയതി 10.10.10 | 2 |
| 11 | 1999-00 | എൽ എഫ് എം17/849/06 തിയതി 10.10.10 | 9 |
| 12 | 1999-2002(പ്ലാൻ) | എൽ എഫ് എം14/877/04 തിയതി 12.10.10 | 40 |
| 13 | 2000-01 | എൽ എഫ് എം17/1672/06 തിയതി 10.10.10 | 4 |
| 14 | 2001-02 | എൽ എഫ് എം10/1858/06 തിയതി 10.10.10 | 9 |
| 15 | 2002-03 | എൽ എഫ് എം17/67/08 തിയതി 10.10.10 | 3 |
| 16 | 2003-04 | എൽ എഫ് എം17/68/08 തിയതി 10.10.10 | 8 |
| 17 | 2004-05 | എൽ എഫ് എം17/2239/08 തിയതി 3.7.10 | 14 |
| 18 | 2005-06 | എൽ എഫ് എം14/738/11/ തിയതി 28.5.11 | 10 |
| 19 | 2006-07 | എൽ എഫ് എം14/1576/11 തിയതി 15.11.11 | 19 |
| 20 | 2007-08 | എൽ എഫ് എം14/1291/12/ തിയതി 19.11.12 | 15 |
| 21 | 2008-09 | എൽ എഫ് എം14/1292/12/ തിയതി 19.11.12 | 12 |
| 22 | 2009-10 | എൽ എഫ് എം14/1293/12/ തിയതി 16.11.12 | 8 |
| 23 | 2010-11<br>2011-12 | എൽ എഫ് എം14/399/13 തിയതി 12.7.13 | 18 |
| 24 | 2012-13<br>2013-14 | കെ എസ് എ എം പി എം14/1638/14 തിയതി 29.5.15 | 20 |
| 25 | 2014-15 | കെ എസ് എ എം പി എം25/3388/16 തിയതി 12.7.17 | 20 |
| 26 | 2015-16 | കെ എസ് എ എം പി എം25/240/17 തിയതി 18.4.18 | 16 |
| 27 | 2016-17 | കെ.എസ്.എ.എം.പി.എം.25/2359/17 തിയതി 12.6.19 | 14 |
| 28 | 2017-18 | കെ.എസ്.എ.എം.പി.എം.25/1079/19 തിയതി 18.6.19 | 22 |
| 29 | 2018-19 | കെ.എസ്.എ.എം.പി.എം.25/1464/20 തിയതി 19.11.20 | 21 |
| 30 | 2019-20 | കെ.എസ്.എ.എം.പി.എം.25/1708/22 തിയതി | 29 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്